
കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഫെബ്രുവരി 2021 വാല്യം 60 ലക്കം 2



# ദൈവസന്നിധിയിൽ 39 വർഷങ്ങൾ



## മാർ മാത്യു പോത്തനാമുഴി
## ഫെബ്രുവരി 6

പാവനസ്മരണയ്ക്ക്
കോതമംഗലം രൂപത

# ആദരാഞ്ജലികൾ

## റവ. ഫാ. ജോൺ തോട്ടത്തിമ്യാലിൽ



| | | |
|---|---|---|
| ഇടവക | : | നെയ്യശ്ശേരി |
| ജനനം | : | 24.03.1958 |
| തിരുപ്പട്ടം | : | 27.12.1984 |
| മരണം | : | 10.01.2021 |
| മൃതസംസ്കാരം | : | 11.01.2021 |

**സേവനരംഗങ്ങൾ:**

അസി. വികാരി – പെരിങ്ങഴ, പൈങ്ങോട്ടൂർ, വാഴത്തോപ്പ്, തൊടുപുഴ

വികാരി – പഴയരിക്കണ്ടം, മാങ്കുളം, നെല്ലിപ്പാറ, നെടുങ്കണ്ടം, കോമ്പയാർ, നാടുകാണി, മുളപ്പുറം, ബസ്സഹം, പാറപ്പുഴ, നെല്ലിമറ്റം

ഡയറക്ടർ – കരുണ ഹോസ്പിറ്റൽ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ഫെബ്രുവരി 2021 വാല്യം 60 ലക്കം 2

## ഉള്ളടക്കം


5 നോമ്പുകാല സന്ദേശം
8 29–ാം ലോകരോഗീ ദിനം – 2021
14 2021 ഫെബ്രുവരി 14 – തിരുബാലസഖ്യദിനം
20 പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്
25 രൂപതക്കച്ചേരി
28 മൈനർ സെമിനാരി
29 വിജ്ഞാനഭവൻ
31 ബൈബിൾ അപ്പോസ്തലേറ്റ്
31 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
32 സോഷ്യൽ സർവീസ്
34 ചെറുപുഷ്പ മിഷൻലീഗ്
36 കെ. സി. എസ്. എൽ.
37 ഫാമിലി അപ്പോസ്തലേറ്റ്
38 പിതൃവേദി
38 മാതൃവേദി
39 ഡി. എഫ്. സി.
40 യുവദീപ്തി
42 ജീസസ് യൂത്ത്
43 കത്തോലിക്കാകോൺഗ്രസ്
44 അല്മായ ഫ്രാൻസിസ്കൻ സഭ
45 കേരള ലേബർ മൂവ്മെന്റ്
46 രൂപതാദ്ധ്യക്ഷന്റെ ഡയറി
48 Bishop's Engagements
48 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
49 നിര്യാതരായി





**Patron**
MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**
REV. FR. JOSE PULLOPPILLIL

**Printer & Publisher**
REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 നോമ്പുകാല സന്ദേശം

Page 8 ലോകരോഗീദിനം

Page 14 തിരുബാലസഖ്യദിനം

Page 25 വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കും

Page 27 **Nirmala Coaching Centre**


## തിരുനാളുകൾ




**02**
നമ്മുടെ കർത്താവിന്റെ ദേവാലയപ്രവേശനം



**12**
സകല മരിച്ചവരുടെയും ഓർമ്മ



**04**
വി. ജോൺ ബ്രിട്ടോ




**23**
വി. പൊളിക്കാർപ്പ്



**11**
ലൂർദ്ദ് മാതാവ്



**25**
വാ. സി. റാണി മരിയ

# നോമ്പുകാല സന്ദേശം

## നോമ്പുകാലം : തിരിച്ചറിവ് നേടി തിരിച്ചുവരാനുള്ള കാലം

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും സന്ദേശം മനസ്സിൽ നിറച്ചുകൊണ്ട് വലിയനോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളെയും പരിശോധിക്കാനും വിലയിരുത്താനും, ആവശ്യമായ തിരുത്തലുകൾ വരുത്തി പുതിയ ശീലങ്ങൾ അനുദിനജീവിതത്തിന്റെ ഭാഗമാക്കാനും നോമ്പുകാലം നമ്മെ സഹായിക്കും. ഈ വർഷത്തെ നോമ്പുകാലം പതിവിൽനിന്നും വ്യത്യസ്തമായ സാഹചര്യത്തിലാണ്. ലോകം മുഴുവൻ ഒരു പകർച്ചവ്യാധിയെ നേരിടുകയും അതിജീവിക്കുകയും ചെയ്യുന്ന കാലഘട്ടമാണ്. ലോകത്തിന്റെ നൈമിഷികത തിരിച്ചറിഞ്ഞ് ദൈവത്തിലേക്ക് അടുക്കേണ്ടതിന്റെ ആവശ്യകത നാം ഈ നാളുകളിൽ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ മനസ്സിലാക്കുകയായിരുന്നു. സകല നന്മകളുടെയും ഉറവിടവും കരുണയുടെ സാഗരവുമായ ദൈവത്തിങ്കലേക്ക് നാം തിരിച്ചുവരണം. ഇത് സാധിക്കണമെങ്കിൽ തിന്മയുടെ ശക്തികളെ അതിജീവിക്കാൻ കഴിയണം.

ഉല്പത്തി പുസ്തകം 1-ാം അദ്ധ്യായം 31-ാം വചനത്തിൽ നാം ഇപ്രകാരം വായിക്കും, "താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്ന് ദൈവം കണ്ടു." ഇത് ദൈവത്തിന്റെ മനോഭാവവും കാഴ്ചപ്പാടുമാണ്. എല്ലാം നന്നായിരിക്കണം എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ തിന്മയുടെ ശക്തി മനുഷ്യനെ ആകർഷിച്ചു. പ്രലോഭനകരമായ ഈ ആകർഷണത്തിൽ മനുഷ്യൻ വീണു. സ്വാഭാവികമായി ദൈവവും മനുഷ്യനും തമ്മിലുള്ള അഗാധമായ സ്നേഹബന്ധത്തിൽ ഉലച്ചിൽ സംഭവിച്ചു. സുരക്ഷിതത്വത്തിന്റെ അവസാന വാക്കായ

പറുദീസ മനുഷ്യന് നഷ്ടമായി. തുടർന്ന് പ്രകൃതിയിൽനിന്നും സഹോദരങ്ങളിൽനിന്നും അവൻ അകന്നു. അത് സ്വസഹോദരന്റെ കൊലപാതകത്തിൽ കലാശിക്കുന്നു. സഹകരണവും സ്നേഹവും വഴിമാറി മാത്സര്യവും വെറുപ്പും പ്രബലമായപ്പോൾ ദൈവം കരുണയോടെ തന്റെ ജനത്തെ തേടിയിറങ്ങുന്നതാണ് നാം പിന്നീട് കാണുന്നത്. ബലഹീനരും പാപികളുമായ മനുഷ്യർ വഴിതെറ്റുമ്പോൾ കാലാകാലങ്ങളിൽ നിർദ്ദേശങ്ങളും മുന്നറിയിപ്പുകളുമായി ദൈവം പ്രവാചകന്മാരെയും രാജാക്കന്മാരെയും അയയ്ക്കുന്നു. ഇവരിലൂടെ ധാരാളം നന്മകളും ആത്മീയബോധ്യങ്ങളും ദൈവജനം സ്വീകരിച്ചുവെങ്കിലും അവരെ എതിർക്കാനും നിരസിക്കാനും ജനത്തിന്റെയുള്ളിലെ തിന്മയുടെ സ്വാധീനം നിരന്തരം അവരെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു,

രക്ഷണീയദൗത്യത്തിന്റെ സുപ്രധാന ഘട്ടമാണ് ദൈവപുത്രനായ ഈശോയുടെ മനുഷ്യാവതാരം. പാപത്തെയും മരണത്തെയും പിശാചിന്റെ സകല തന്ത്രങ്ങളെയും സ്നേഹംകൊണ്ടും പിതാവായ ദൈവത്തോടുള്ള ബന്ധംകൊണ്ടും കീഴ്പ്പെടുത്തിയാണ് ഈശോ നമുക്ക് രക്ഷ നേടിത്തന്നത്. ഈ രക്ഷയുടെ അനുഭവം ഇന്ന് സഭയിലൂടെ, വിശുദ്ധകൂദാശകളിലൂടെ, തിരുവചനത്തിലൂടെ നാം അനുഭവിക്കുന്നു.

ദൈവപുത്രനായ ഈശോയെയും അവിടുത്തെ സുവിശേഷത്തെയും നിരസിച്ച് ജീവിക്കാനുള്ള പ്രവണത ഇന്നും സജീവമാണ്. ഇത്തരത്തിൽ തിന്മയിലേക്കുള്ള മനുഷ്യന്റെ പ്രയാണം നിയന്ത്രിക്കാനും തിരിച്ചുവരാനുമുള്ള അവസരമായി നോമ്പുകാലം മാറണം.

ജനം തിന്മയുടെ സ്വാധീനത്തിൽ അകപ്പെടുമ്പോൾ ധനാസക്തി, സ്വാർത്ഥത, മദ്യാസക്തി, ആത്മീയ കാര്യങ്ങളോടുള്ള നിസംഗത ഇവയെല്ലാം ശക്തമാകും. ഇതുവഴി സാമൂഹ്യജീവിയായ മനുഷ്യന്റെ ബന്ധങ്ങളിൽ വിള്ളൽ വീഴും. ദൈവത്തോടും സഹോദരങ്ങളോടും പ്രകൃതിയോടുമുള്ള അകൽച്ച ഗുരുതരമായ ആത്മീയ-സാമൂഹ്യപ്രശ്നങ്ങൾക്ക് കാരണമാകും. ഇത്തരത്തിൽ അറ്റുപോയ ബന്ധങ്ങളെ പുനസ്ഥാപിക്കാനും വിശുദ്ധവും നന്മനിറഞ്ഞതുമായ പുതിയ ബന്ധങ്ങൾക്ക് തുടക്കമിടാനും ഈ നോമ്പുകാലത്ത് നാം ശ്രദ്ധിക്കണം.

കൊറോണ വൈറസ് മൂലമുള്ള അസ്വസ്ഥതകൾ ആരംഭിച്ചിട്ട് ഒരു വർഷത്തോളമായി. ഇത് ദൈവശിക്ഷയായിട്ടോ ദൈവകോപമായിട്ടോ കാണേണ്ടതില്ല. മറിച്ച് നമ്മുടെ ആത്മീയ ജീവിതത്തെയും

പൊതു ജീവിതത്തെയും വ്യക്തിപരമായ ജീവിതത്തെയും പരിശോധിക്കാനും തിരുത്താനുമുള്ള മുന്നറിയിപ്പും തിരികെ വരാനുള്ള അവസരവുമായി കാണണം. വലിയനോമ്പിലെ അൻപത് ദിനങ്ങൾ ഇത്തരത്തിൽ ആത്മാർത്ഥമായ ജീവിത നവീകരണത്തിന്റെയും ആത്മീയ ശാക്തീകരണത്തിന്റെയും കാലഘട്ടമായി മാറട്ടെ.

അൻപത് നോമ്പ് ദിനങ്ങൾ ഫലദായകമാക്കാൻ സഹായിക്കുന്ന ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 ദൈവത്തിന് മാത്രമേ നമ്മെ രക്ഷിക്കാനാകൂ എന്ന ഉറച്ച ബോധ്യത്തിൽ ആഴപ്പെട്ട് കുടുംബ പ്രാർത്ഥന ശക്തമാക്കുക.

2 തിരുവചനം വായിക്കുക, കേൾക്കുക, എഴുതുക.

3 കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിക്കുന്ന നല്ല ശീലം തുടരുക.

4 നമ്മുടെ പാപങ്ങളും തെറ്റുകളും ദൈവതിരുമുമ്പിൽ സമർപ്പിച്ച് കുരിശിന്റെ വഴി ചൊല്ലി പ്രാർത്ഥിക്കുക.

5 നമ്മുടെ കുടുംബങ്ങളിലെ കുട്ടികളെയും യുവജനങ്ങളെയും നോമ്പാചരണത്തിന്റെ പ്രാധാന്യം പറഞ്ഞ് മനസ്സിലാക്കി നോമ്പാചരണത്തിന് പ്രോത്സാഹിപ്പിക്കുക.

6 സാധിക്കുന്ന എല്ലാവരും നോമ്പ് ദിവസങ്ങളിൽ വി. കുർബാനയിൽ പങ്കെടുക്കുക.

7 ഉപവി പ്രവർത്തനങ്ങളും ദാനധർമ്മങ്ങളും നടത്തുക.

8 കുമ്പസാരിച്ച് പ്രസാദവരാവസ്ഥയിലായിരിക്കുവാൻ പരമാവധി പരിശ്രമിക്കുക.

9 കൊറോണ വൈറസിന്റെ ഭീതിയിൽ കഴിയുന്ന ലോകം മുഴുവനും വേണ്ടി മാധ്യസ്ഥ്യം വഹിച്ച് ദിവസവും അല്പനേരം പ്രാർത്ഥിക്കുക.

10 നിത്യജീവിതത്തെക്കുറിച്ചുള്ള ചിന്തയും ധ്യാനവും അനുദിന ജീവിതത്തിന്റെ ഭാഗമാക്കുക.

ദൈവസ്നേഹത്തിൽ ആഴപ്പെടാനും കുടുംബബന്ധങ്ങൾ ശക്തമാക്കാനും ദൈവകരുണയിൽ ആശ്രയിച്ച് ജീവിക്കാനും ഈ വർഷത്തെ നോമ്പുകാലത്ത് നമുക്ക് പ്രത്യേകം ശ്രദ്ധിക്കാം. നോമ്പുകാലത്തെ

പ്രാർത്ഥനയും പുണ്യപ്രവർത്തികളും നിത്യജീവിതം ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിതയാത്രയെ ആത്മീയമായി ശക്തിപ്പെടുത്തട്ടെ. ഈ നോമ്പുകാലം അനുഗ്രഹദായകവും ദൈവാനുഗ്രഹപ്രദവുമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. കാരുണ്യവാനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

NB: 2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

Ref: 3433/K-5/KCBC/OL/DS 19 January 2021

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം
# 29-ാം ലോകരോഗീ ദിനം - 2021

"*നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ;*
*നിങ്ങളെല്ലാവരും സഹോദരന്മാരാണ്*" (മത്താ 23:8).

രോഗീശുശ്രൂഷയുടെ അടിത്തറയായ പരസ്പരവിശ്വാസം

പ്രിയ സഹോദരീസഹോദരന്മാരേ,

29-ാം ലോകരോഗീദിനാചരണം 2021 ഫെബ്രുവരി 11-നു നടക്കും. അന്ന് ലൂർദു മാതാവിനെ ആരാധനക്രമപരമായി ഓർക്കുന്ന ദിവസമാണ്. രോഗികളെയും ആരോഗ്യ ശുശ്രൂഷാസ്ഥാപനങ്ങളിലും കുടുംബങ്ങളിലും സമൂഹങ്ങളിലും രോഗികളെ സഹായിക്കുന്നവരെയും പ്രത്യേകം ശ്രദ്ധിക്കാനുള്ള ഒരു അവസരമാണത്. ആ ഗോള പകർച്ച വ്യാധിയായ കൊറോണ വൈറസിന്റെ ഫലങ്ങൾ അനുഭവിച്ചവരെയും അനുഭവിച്ചുകൊണ്ടിരിക്കുന്നവരെയും നമ്മൾ പ്രത്യേകമായി ഓർമ്മി

ക്കുന്നു. എല്ലാവരോടും, പ്രത്യേകിച്ച് ദരിദ്രരോടും പുറംപോക്കിലാക്കപ്പെട്ടവരോടും, ആധ്യാത്മിക സാമീപ്യം ഞാൻ പ്രകാശിപ്പിക്കുന്നു. അവർക്ക് സഭയുടെ സ്നേഹപൂർണമായ പരിഗണന ഉറപ്പുവരുത്തുകയും ചെയ്യുന്നു.

1. ഈ ദിവസത്തേക്കുള്ള പ്രമേയം സുവിശേഷത്തിൽ നിന്നെടുത്തതാണ്. തങ്ങൾ പ്രസംഗിക്കുന്നത് പ്രയോഗത്തിലാക്കുന്നതിൽ പരാജയപ്പെട്ടവരുടെ കാപട്യത്തെ യേശു അവിടെ വിമർശിക്കുന്നു (cf. മത്താ 23:1-12). നമ്മുടെ വിശ്വാസം പൊള്ളയായ വാക്കുകളായി ചുരുക്കപ്പെടുമ്പോൾ മറ്റുള്ളവരുടെ ജീവിതവും ആവശ്യങ്ങളുമായി താത്പര്യം പുലർത്താതിരിക്കുമ്പോൾ, നാം ഏറ്റുപറയുന്ന വിശ്വാസപ്രമാണം നാം നയിക്കുന്ന ജീവിതത്തിനു ചേരാത്തതാകും. അപകടം യഥാർത്ഥമാണ്. അതുകൊണ്ടാണ് ആത്മ-വിഗ്രഹാരാധനയിൽ വീഴുകയെന്ന അപകടത്തെക്കുറിച്ച് യേശു ശക്തമായ വാക്കുകൾ ഉപയോഗിക്കുന്നത്. അവിടന്നു നമ്മോടു പറയുന്നു: “നിങ്ങൾക്ക് ഒരു ഗുരുവേ ഉള്ളൂ. നിങ്ങൾ എല്ലാവരും സഹോദരന്മാരാണ്” (വാക്യം 8).

“പ്രസംഗിക്കുകയും എന്നാൽ പ്രാവർത്തികമാക്കാതിരിക്കുകയും” ചെയ്യുന്നവർക്ക് (വാക്യം 3) എതിരേ ക്രിസ്തു നടത്തുന്ന വിമർശനം എപ്പോഴും എല്ലായിടത്തും സഹായകമാണ്. കാരണം, കാപട്യമെന്ന വലിയ തിന്മയിൽ നിന്ന് ഒഴിവുള്ളവരായി നമ്മിൽ ആരുമില്ല. ആ തിന്മ സാർവത്രിക സാഹോദര്യത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവരും ഏക പിതാവിന്റെ മക്കളും എന്ന നിലയിൽ വളർന്നു വികസിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

നമ്മുടെ സഹോദരീസഹോദരന്മാരുടെ ആവശ്യങ്ങൾക്കു മുമ്പിൽ അത്തരം കാപട്യത്തിനു തികച്ചും വിരുദ്ധമായ വിധത്തിൽ പ്രത്യുത്തരിക്കാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. നിന്ന് ശ്രദ്ധിച്ചുകേൾക്കാനും മറ്റുള്ളവരുമായി നേരിട്ടുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനും സഹാനുഭൂതിയും സഹതാപവും അനുഭവിക്കാനും, നാം അവർക്ക് സേവനം ചെയ്യാൻ പരിശ്രമിക്കുമ്പോൾ അവരുടെ സഹനം നമ്മുടേതാക്കിത്തീർക്കാനും അവിടന്നു നമ്മോട് ആവശ്യപ്പെടുന്നു (cf. ലൂക്കാ 10:30-35).

2. രോഗാനുഭവം നമ്മുടെ തന്നെ ദുർബലാവസ്ഥയും മറ്റുള്ളവരെക്കൊണ്ട് നമുക്കുള്ള ആവശ്യവും നമുക്കു മനസ്സിലാക്കിത്തരുന്നു.

ദൈവത്തെ ആശ്രയിച്ചു കഴിയുന്ന സൃഷ്ടികളാണ് നാം എന്ന വസ്തുത അത് നമുക്കു കൂടുതൽ വ്യക്തമാക്കിത്തരുന്നു. നമ്മൾ രോഗികളാകുമ്പോൾ ഭയവും പരിഭ്രമവും നമ്മുടെ മനസ്സുകളെയും ഹൃദയങ്ങളെയും പിടിച്ചമർത്തിയേക്കാം. നമ്മൾ ശക്തിഹീനരാണെന്ന് നമുക്കു തോന്നാം. നമ്മുടെ ആരോഗ്യം നമ്മുടെ കഴിവുകളെയോ നിരന്തര ജീവിതാകുലതകളെയോ ആശ്രയിച്ചല്ലല്ലോ നിലകൊള്ളുന്നത് (cf. മത്താ 6:27).

ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള ചോദ്യം രോഗം ഉന്നയിക്കുന്നു. അത് വിശ്വാസത്തിൽ നാം ദൈവതിരുമുമ്പാകെ കൊണ്ടുവരുന്നു. നമ്മുടെ ജീവിതത്തിൽ നവീനവും അഗാധതരവുമായ ഒരു ആഭിമുഖ്യാന്വേഷണത്തിൽ പെട്ടെന്ന് ഒരു ഉത്തരം നാം കണ്ടെത്തിയെന്നു വരുകയില്ല. ദുർഘടമായ ഈ ആവശ്യത്തിൽ സഹായിക്കാൻ നമ്മുടെ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ എപ്പോഴും സാധിക്കുകയില്ല.

ഈ വിഷയത്തിൽ ബൈബിളിലെ ജോബ് എന്നയാൾ പ്രതീകാത്മക വ്യക്തിയാണ്. അദ്ദേഹത്തിനുണ്ടായ ദുരവസ്ഥയിൽ ഭാര്യയോ കൂട്ടുകാരോ കൂടെയുണ്ടായിരുന്നില്ല. പകരം അവർ അയാളെ കുറ്റപ്പെടുത്തുകയും ഏകാന്തതയും അസ്വസ്ഥതയും വർധിപ്പിക്കുകയും മാത്രമേ ചെയ്തുള്ളൂ. താൻ നിരാലംബനും തെറ്റിദ്ധരിക്കപ്പെട്ടവനുമാണെന്ന് ജോബിനു തോന്നി. എന്നാൽ അങ്ങേയറ്റത്തെ ഈ തകർച്ചയിലും അയാൾ കാപട്യം ഉപേക്ഷിക്കുന്നു. ദൈവത്തോടും മറ്റുള്ളവരോടും സത്യസന്ധതയുടെ വഴി തിരഞ്ഞെടുക്കുന്നു. അയാൾ ദൈവത്തോട് നിരന്തരം കരഞ്ഞപേക്ഷിച്ചു. അവസാനം ദൈവം അയാളോട് ഉത്തരം പറയുകയും പുതിയൊരു ചക്രവാളം കാണാൻ അനുവദിക്കുകയും ചെയ്തു. ജോബിന്റെ സഹനം ഒരു ശിക്ഷയോ ദൈവത്തിൽ നിന്നുള്ള വേർപെടലോ അല്ലെന്ന് ഉറപ്പു പറയുന്നു, അത്രപോലും ദൈവത്തിന്റെ നിസ്സംഗതയുടെ അടയാളമല്ലെന്നും പറയുന്നു. മുറിപ്പെടുകയും സുഖമാക്കപ്പെടുകയും ചെയ്ത ജോബിന്റെ ഹൃദയം അപ്പോൾ കർത്താവിനോട് പ്രകമ്പനപരവും ഹൃദയസ്പർശകവുമായ ഈ ഏറ്റുപറച്ചിൽ നടത്തുന്നു: "അങ്ങയെക്കുറിച്ച് ഞാൻ കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ എന്റെ കണ്ണുകൾ അങ്ങയെ കാണുന്നു" (42:5).

3. രോഗത്തിന് എപ്പോഴും ഒന്നിൽ കൂടുതൽ മുഖമുണ്ട്: എല്ലാ രോഗികളുടെയും മുഖം അതിനുണ്ട്. അവഗണിക്കപ്പെടുകയും ഒഴി

വാക്കപ്പെടുകയും മൗലികാവകാശങ്ങളെ നിഷേധിക്കുന്ന സാമൂഹിക അനീതികൾക്ക് ഇരയാക്കപ്പെടുകയും ചെയ്തവരുടെയും മുഖവും അതിനുണ്ട് (cf. Fratelli Tutti, 22). ഇപ്പോഴത്തെ പകർച്ചവ്യാധി നമ്മുടെ ആരോഗ്യശുശ്രൂഷയിലെ അപര്യാപ്തതകൾ വെളിവാക്കുകയും ചെയ്തിട്ടുണ്ട്. വൃദ്ധരും ദുർബലരും അരക്ഷിതരുമായ ആളുകൾക്ക് പരിചരണം സർവദാ ലഭിച്ചില്ലെന്നു മാത്രമല്ല, സമത്വഭാവത്തിലും ലഭിച്ചിട്ടില്ല. ഇത് രാഷ്ട്രീയ തീരുമാനങ്ങളുടെയും വിഭവങ്ങളുടെ കൈകാര്യത്തിന്റെയും ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിലുള്ളവരുടെ ഭാഗത്തുനിന്നുണ്ടായ വലുതോ ചെറുതോ ആയ സമർപ്പണരാഹിത്യത്തിന്റെയും ഫലമാണ്. ആരോഗ്യം പ്രാഥമിക പൊതുനന്മയാണ് എന്ന മൗലിക തത്ത്വത്തോടു ബന്ധപ്പെട്ട മുൻഗണനയാണ് രോഗികൾക്കുള്ള ശുശ്രൂഷയിലും വിഭവങ്ങൾ നിക്ഷേപിക്കുകയെന്നത്. എന്നാലും ആരോഗ്യപാലകർ, വോളന്റിയർമാർ, പിന്തുണ പ്രവർത്തകർ, വൈദികർ, സന്ന്യാസിനീസന്ന്യാസിമാർ എന്നിവരുടെ സമർപ്പണത്തെയും ഔദാര്യത്തെയും പകർച്ചവ്യാധി ഉയർത്തിക്കാണിക്കുകയും ചെയ്തു. അവർ എല്ലാവരും തൊഴിൽ വൈദഗ്ധ്യം, ആത്മ-ദാനം, അയൽക്കാരനോടുള്ള ഉത്തരവാദിത്വവും സ്നേഹവും എന്നിവയോടെ അനേകം രോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുകയും ചികിത്സിക്കുകയും ആശ്വസിപ്പിക്കുകയും അവർക്ക് സേവനമനുഷ്ഠിക്കുകയും ചെയ്തു. സ്ത്രീ പുരുഷന്മാരുടെ ഒരു നിശ്ശബ്ദസമൂഹമായ അവർ അയൽക്കാരും ഏകമാനവ കുടുംബത്തിലെ അംഗങ്ങളുമായി കണ്ട രോഗികളുടെ സഹനത്തിൽ പങ്കുചേരുകയല്ലാതെ മറ്റൊരു വഴിയും നോക്കാതിരിക്കാൻ നിശ്ചയിച്ചു.

രോഗികൾക്ക് അവരുടെ സഹനത്തിൽ പിന്തുണയും ആശ്വാസവും നല്കുന്ന അമൂല്യതൈലമാണ് അത്തരം അടുപ്പം. ആ അടുപ്പത്തെ, ക്രൈസ്തവരെന്ന നിലയിൽ, നാം അനുഭവിക്കുന്നത് പാപത്താൽ മുറിവേറ്റ ഓരോ സ്ത്രീയുടെയും പുരുഷന്റെയും പക്കൽ കാരുണ്യവുമായി അടുത്തു വരുന്ന നല്ല സമരിയാക്കാരനായ യേശു ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അടയാളം പോലെയാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോട് ഐക്യപ്പെട്ടുകൊണ്ട്, ദൈവപിതാവിനെപ്പോലെ കാരുണ്യമുള്ളവരായിരിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. ദുർബലരും രോഗികളും പീഡസഹിക്കുന്നവരുമായ നമ്മുടെ സഹോ

ദരിസഹോദരന്മാരെ പ്രത്യേകമാംവിധം സ്നേഹിക്കാനും നാം വിളിക്കപ്പെട്ടിരിക്കുന്നു (cf. യോഹ 13:34-35). വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല പിന്നെയോ സമൂഹമെന്ന നിലയിലും ഈ അടുപ്പം നാം അനുഭവിക്കുന്നു. യഥാർത്ഥത്തിൽ, ക്രിസ്തുവിലുള്ള സഹോദര സ്നേഹം സൗഖ്യത്തിന്റെ ഒരു സമൂഹത്തെ, ആരെയും ഉപേക്ഷിച്ചു കളയാത്ത ഒരു സമൂഹത്തെ, പ്രത്യേകിച്ച് ഏറ്റവും അധികം ആവശ്യത്തിൽ കഴിയുന്നവരെ ഉൾക്കൊണ്ട് സ്വാഗതം ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.

ഇവിടെ സഹോദരപരമായ ഐക്യദാർഢ്യത്തിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് മൂർത്തമായി സേവനത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതാണ്. അതിനു വ്യത്യസ്തരൂപങ്ങൾ ഉണ്ടായിരിക്കാം. എല്ലാ രൂപങ്ങളും നമ്മുടെ അയൽക്കാരെ പിന്തുണയ്ക്കാൻ വേണ്ടിയുള്ളതായിരിക്കും. "സേവനം ചെയ്യുകയെന്നതിന്റെ അർത്ഥം...നമ്മുടെ കുടുംബങ്ങളിലെയും സമൂഹത്തിലെയും നമ്മുടെ ജനതയിലെയും ദുർബലരെ സംരക്ഷിക്കുകയെന്നതാണ്" (Homily in Havanna, 20 Sept. 2015). ഈ പരിശ്രമത്തിൽ ഏറ്റവും ദുർബലരായവരുടെ ഉറ്റുനോട്ടത്തിനുമുമ്പിൽ എല്ലാവരും സ്വന്തം ആശകളും ആഗ്രഹങ്ങളും, അധികാരത്തിനുവേണ്ടിയുള്ള പരിശ്രമവും മാറ്റിവയ്ക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സേവനം എപ്പോഴും അവരുടെ മുഖങ്ങളിലേക്ക് നോക്കുന്നു; അവരുടെ ശരീരത്തിൽ സ്പർശിക്കുന്നു; അവരുടെ അടുപ്പം മനസ്സിലാക്കുന്നു; ചില സന്ദർഭങ്ങളിൽ ആ അടുപ്പം 'സഹിക്കുകയും' അവരെ സഹായിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു. സേവനം ഒരിക്കലും പ്രത്യയശാസ്ത്രപരമല്ല. കാരണം, നമ്മൾ ആശയങ്ങൾക്കു സേവനം ചെയ്യുന്നില്ല, നമ്മൾ ജനങ്ങൾക്കാണ് സേവനം ചെയ്യുന്നത്" (ibid).

4. ഒരു ചികിത്സാക്രമം ഫലപ്രദമാകണമെങ്കിൽ അതിന് ബന്ധപരമായ ഒരു വശമുണ്ടായിരിക്കണം. കാരണം, അത് രോഗിയോടുള്ള സമഗ്രാരോഗ്യദായകമായ ഒരു സമീപനം സാധ്യമാക്കുന്നു. പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ വ്യക്ത്യന്തരബന്ധത്തിൽ അടിയുറച്ച ഒരു രോഗശാന്തി പാതയിൽ രോഗികളെ സഹഗമിക്കാനുള്ള തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ഡോക്ടർമാരെയും നേഴ്സുമാരെയും വിദഗ്ധരെയും സന്നദ്ധസേവകരെയും ബോധ്യമുള്ളവരാക്കാൻ ബന്ധ

ത്തിന്റെ മാനത്തെ ഊന്നിപ്പറയുന്നതിലൂടെ സാധിക്കും (cf. New Charter for Health Care Workers [2016], 4). ആരോഗ്യ ശുശ്രൂഷ ആവശ്യമുള്ള വരും അതു നല്കുന്നവരും തമ്മിലുള്ള ഒരു ഉടമ്പടി ഇതു സൃഷ്ടി ക്കുന്നു. അത് പരസ്പര വിശ്വാസത്തിലും പരസ്പര ബഹുമാനത്തിലും തുറവിയിലും ലഭ്യതയിലും അടിയുറപ്പിച്ച ഉടമ്പടിയാണ്. പ്രതിരോധ മനോഭാവങ്ങളെ കീഴടക്കാനും രോഗികളുടെ മഹത്ത്വത്തെ ആദരി ക്കാനും ആരോഗ്യ ശുശ്രൂഷ ചെയ്യുന്നവരുടെ തൊഴിൽ വൈദഗ്ധ്യത്തെ സംരക്ഷിക്കാനും രോഗികളുടെ കുടുംബങ്ങളുമായി നല്ല ബന്ധം വളർത്താനും ഇതു സഹായിക്കും.

രോഗികളുമായിട്ടുള്ള അത്തരം ബന്ധത്തിന് ക്രിസ്തുവിന്റെ പര സ്നേഹത്തിൽ ലക്ഷ്യത്തിന്റെയും ശക്തിയുടെയും വറ്റാത്ത ഉറവ കണ്ടെത്താൻ കഴിയും. സഹസ്രാബ്ദങ്ങളായി രോഗാതുരർക്കായുള്ള സേവനത്തിലൂടെ വിശുദ്ധിയിൽ വളർന്ന സ്ത്രീപുരുഷന്മാരുടെ സാക്ഷ്യം ഇതു വ്യക്തമാക്കുന്നുണ്ടല്ലോ. എന്തെന്നാൽ രോഗികളു ടെയും ആരോഗ്യ ശുശ്രൂഷകരുടെയും അനുഭവത്തിന് പൂർണമായ അർത്ഥം നല്കാൻ കഴിയുന്ന ക്രിസ്തുവിന്റെ മരണോത്ഥാനങ്ങളുടെ രഹസ്യം സ്നേഹത്തിന്റെ ഉറവിടമാണ്. സുവിശേഷം ഇക്കാര്യം കൂടെ ക്കൂടെ വ്യക്തമാക്കുന്നുണ്ട്. യേശു സുഖപ്പെടുത്തുന്നത് മാജിക് കൊണ്ടല്ല, പിന്നെയോ കണ്ടുമുട്ടലിന്റെ, വ്യക്ത്യന്തര ബന്ധത്തിന്റെ, ഫലമായി ട്ടാണ് എന്ന് കാണിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ആ വ്യക്ത്യ ന്തരബന്ധത്തിൽ ദൈവത്തിന്റെ ദാനം അതിനെ സ്വീകരിക്കുന്നവരുടെ വിശ്വാസത്തിൽ ഒരു പ്രത്യുത്തരം കണ്ടെത്തുന്നു. യേശു മിക്കപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുള്ളതുപോലെ: “നിന്റെ വിശ്വാസം നിന്നെ രക്ഷി ച്ചിരിക്കുന്നു.”

5. പ്രിയ സഹോദരീസഹോദരന്മാരേ, യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ സ്നേഹത്തിന്റെ കല്പന, രോഗികളുമായിട്ടുള്ള നമ്മുടെ ബന്ധ ത്തിലും സൂക്ഷിക്കണം. ഒരു സമൂഹം സഹോദരസ്നേഹത്തിന്റെ ചൈതന്യത്തിൽ ഏറ്റവും ദുർബലരും സഹിക്കുന്നവരുമായ അംഗ ങ്ങളെ എത്ര കൂടുതൽ കാര്യക്ഷമമായി ശുശ്രൂഷിക്കുന്നുവോ അത്ര കൂടുതലായി മാനുഷികമായിത്തീരും. താൻ ഒറ്റപ്പെട്ടവനോ ഒഴിവാക്ക പ്പെട്ടവനോ പരിത്യക്തനോ ആണെന്ന് ആർക്കും തോന്നാതിരിക്കും വിധം ഈ ലക്ഷ്യം പ്രാപിക്കാൻ നമുക്കു പരിശ്രമിക്കാം.

രോഗികളെയും ആരോഗ്യ ശുശ്രൂഷകരെയും നമ്മുടെ സഹിക്കുന്ന സഹോദരീസഹോദരന്മാർക്ക് ഉദാരതയോടെ സഹായം ചെയ്യുന്ന എല്ലാവരെയും കാരുണ്യത്തിന്റെ അമ്മയും രോഗികളുടെ ആരോഗ്യവുമായ കന്യകാമറിയത്തിന് ഞാൻ കാഴ്ചവയ്ക്കുന്നു. ലൂർദിലെ ഗ്രോട്ടോയിൽ നിന്നും ലോകത്തെങ്ങുമുള്ള മറ്റ് അനേകം ഗ്രോട്ടോകളിൽ നിന്നും അവൾ നമ്മുടെ വിശ്വാസവും പ്രത്യാശയും പരിപോഷിപ്പിക്കുകയും സഹോദരസ്നേഹത്തോടെ പരസ്പരം കരുതലുള്ളവരാകാൻ സഹായിക്കുകയും ചെയ്യട്ടെ. ശുശ്രൂഷിക്കാൻ നമ്മെ സഹായിക്കട്ടെ. എല്ലാവർക്കും എന്റെ ആശീർവാദം ഹൃദയപൂർവം ഞാൻ നല്കുന്നു.

റോം, സെന്റ് ജോൺ ലാറ്ററൻ, 20 ഡിസംബർ 2020
ആഗമനകാലത്തിന്റെ നാലാം ഞായറാഴ്ച
**ഫ്രാൻസിസ് പാപ്പാ**

---

Ref: 3423/K-5/KCBC/OL/DS 18.01.2021

## 2021 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

### കെ.സി.ബി.സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. ഭാരതസഭ എല്ലാവർഷവും തിരുബാലസഖ്യദിനമായി ആചരിക്കുന്നത് ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ്. ഈ വർഷം അത് ഫെബ്രുവരി 14-ാം തീയതിയാണ്. കഴിഞ്ഞ 177 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് ആഗോളകത്തോലിക്കാസഭയിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ ഈ സംഘടന 1843-ൽ ഫ്രാൻസിലെ നാൻസി രൂപത മെത്രാനായിരുന്ന ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് സ്ഥാപിച്ചത്. "കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ഈ സംഘടനയുടെ മധ്യസ്ഥയും വി. യൗസേപ്പും കാവൽമാലാഖമാരും ഉപമധ്യസ്ഥരുമാണ്.

തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ തിരുബാലസഖ്യദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആശംസിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി തിരുസഭ ആചരിക്കുകയാണല്ലോ. വി. യൗസേപ്പിന്റെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനത്തെ ആസ്പദമാക്കി ഈ വർഷത്തെ തിരുബാലസഖ്യദിനത്തിൽ ചില ചിന്തകൾ പങ്കുവയ്ക്കുന്നു. ‘‘പാത്രിസ് കോർദെ’’ (ഒരു പിതാവിന്റെ ഹൃദയത്തോടെ) എന്ന അപ്പസ്തോലിക ലേഖനത്തിൽ വി. യൗസേപ്പിന്റെ ഏഴ് സവിശേഷഗുണങ്ങളെ പാപ്പ എടുത്തു പറയുന്നുണ്ട്. വാത്സല്യമുള്ള പിതാവ്, ആർദ്രസ്നേഹമുള്ള പിതാവ്, അനുസരണയുള്ള പിതാവ്, സ്വീകരിക്കുന്ന പിതാവ്, ധീരനായ പിതാവ്, തൊഴിലാളിയായ പിതാവ്, നിഴലായ പിതാവ് എന്നിവയാണ് എല്ലാ പിതാക്കളും മാതൃകയാക്കണം എന്ന ആഗ്രഹത്തോടെ അവതരിപ്പിച്ചിരിക്കുന്ന പിതൃഭാവങ്ങൾ.

‘‘ഒരു പിതാവിന്റെ ഹൃദയത്തോടെ ജോസഫ് യേശുവിനെ സ്നേഹിച്ചു’’ എന്ന മനോഹര വാക്യത്തോടെയാണ് ഫ്രാൻസിസ് പാപ്പ തന്റെ അപ്പസ്തോലിക ലേഖനം ആരംഭിക്കുന്നത്. ദൈവപിതാവിന്റെ പ്രതിനിധിയായി യേശുവിന്റെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പിതാവിന്റെ മഹനീയ മാതൃക പാപ്പ തുടർന്ന് അവതരിപ്പിക്കുന്നു. പരി. മറിയത്തെയും ഉണ്ണിയേശുവിനെയും വാത്സല്യത്തോടെ സംരക്ഷിച്ചു വളർത്തിയ യൗസേപ്പിതാവിന്റെ ജീവിതം മുഴുവൻ അവരോട് അലിവുള്ള ഹൃദയത്തോടെയുള്ള പെരുമാറ്റവും സ്നേഹവും നിറഞ്ഞതായിരുന്നു. ‘‘ജോസഫിൽ യേശു ദൈവത്തിന്റെ ആർദ്രമായ സ്നേഹം കണ്ടു’’ എന്ന് പറയുമ്പോൾ സ്നേഹം - ദൈവസ്നേഹവും പരസ്നേഹവും - ഏറ്റവും ആദ്യമായും അധികമായും കുട്ടികളിലേക്ക് പകർന്നു നൽകപ്പെടുന്നത് കുടുംബത്തിൽ, പ്രത്യേകിച്ച് മാതാപിതാക്കളിൽ നിന്നാണ് എന്ന് പാപ്പ ഓർമപ്പെടുത്തുന്നു. ദൈവത്തോടും മനുഷ്യരോടുമുള്ള സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു കുടുംബാന്തരീക്ഷം രൂപപ്പെടുത്തുന്നതുവഴി കുട്ടികളുടെ വ്യക്തിപരവും സാമൂഹ്യപരവുമായ വളർച്ച പരിപോഷിപ്പിക്കാൻ മാതാപിതാക്കൾക്ക് കഴിയും.

സമൂഹത്തിന്റെ സുസ്ഥിതിക്കാവശ്യമായ സാമൂഹ്യനന്മകളുടെ പ്രഥമ വിദ്യാലയമായി നമ്മുടെ കുടുംബങ്ങൾ മാറും.

"സ്നേഹത്തിന്റെ ആനന്ദം" എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് കുടുംബങ്ങളെക്കുറിച്ച് വിചിന്തനം നടത്താൻ കൂടി ഈ വർഷം ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുകയാണ്. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന പാപ്പ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി കുടുംബം തുടരണം" (സ്നേഹത്തിന്റെ ആനന്ദം 287) എന്ന് അടിവരയിട്ടു പറയുന്നു.

തലമുറകൾ കൈമാറി നാം സ്വീകരിച്ച വിശ്വാസത്തിൽ നമ്മുടെ മക്കളുടെ ഹൃദയവും മനസ്സും രൂപപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കളും പൂർവ്വാധികം ആത്മാർത്ഥമായി ഏറ്റെടുക്കേണ്ട കാലഘട്ടമാണിത്. അതിനായി ആദ്യം വേണ്ടത് വിശ്വാസത്തിനെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുമ്പോൾ മക്കളുടെ വിശ്വാസരൂപീകരണത്തിൽ മാതാപിതാക്കളുടെ ഒഴിച്ചുകൂടാനാവാത്തതും മറ്റാർക്കും കൈമാറാനാവാത്തതുമായ ദൗത്യത്തെക്കുറിച്ച് വ്യക്തമായ ബോധ്യം ഉണ്ടാകുക എന്നതാണ്. കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുകയും അവയുടെ ചൈതന്യമനുസരിച്ച് ജീവിക്കുകയും നീതിയിലും സ്നേഹത്തിലും അധിഷ്ഠിതമായ ബന്ധങ്ങൾ വളർത്തുകയും ചെയ്തുകൊണ്ട് മാതാപിതാക്കൾ നല്ല മൂല്യങ്ങളും മനോഭാവങ്ങളും കുട്ടികളിലേക്ക് സംവേദനം ചെയ്യുന്നു. മറ്റുള്ളവരെ സഹായിക്കാനോടിയെത്തുന്ന സുകൃതജീവിതവും അനുദിനം തുടരുന്ന പ്രാർത്ഥനാജീവിതവും മാതാപിതാക്കളുടെ ജീവിതത്തിലെ വിശ്വാസതീക്ഷ്ണതയുടെ ബഹിർസ്ഫുരണമായി മക്കൾക്ക് അനുഭവപ്പെടണം.

നസ്രത്തിലെ ഭവനത്തിൽ ജീവിച്ചുകൊണ്ട് യേശു മാനുഷികമായ പക്വതയിലേക്ക് വളർന്നുവന്നത് യൗസേപ്പിതാവിന്റെ ത്യാഗോജ്വലമായ സമർപ്പണം കണ്ടുകൊണ്ടും ആ ഹൃദയത്തിന്റെ വാത്സല്യസ്നേഹം അനുഭവിച്ചുകൊണ്ടുമാണ്. നാല് സ്വപ്നങ്ങളിലൂടെ വെളിപ്പെടുത്തിക്കിട്ടിയ ദൈവഹിതം, ഉണ്ണിയേശുവിന്റെയും മറിയത്തിന്റെയും സംരക്ഷണാർത്ഥം എന്തു ത്യാഗം സഹിച്ചും വിശ്വസ്തതയോടെ നിർവ്വഹിച്ച നീതിമാനായിരുന്നു യൗസേപ്പിതാവ്. ദൈവപിതാവിന്റെ

ഹിതം അനുസരിക്കാൻ യേശു പഠിച്ചത് നസ്രത്തിലെ ''ജോസഫിന്റെ സ്കൂളിൽ'' നിന്നാണെന്ന് പാപ്പ വ്യക്തമാക്കുന്നു. മംഗളവാർത്തയിൽ മറിയവും ഗത്സമെൻ തോട്ടത്തിൽ യേശുവും നല്കിയതുപോലെ ജീവിതത്തിന്റെ സർവ്വസന്ദർഭങ്ങളിലും ജോസഫ് പ്രഖ്യാപിച്ച ഫിയാത് (Fiat) (ഇതാ ഞാൻ നിന്റെ ദാസി/ദാസൻ എന്ന അരൂപി) നാം ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ നമ്മുടെ മക്കളും ദൈവഹിതം അന്വേഷിക്കുന്നവരും അനുസരിക്കുന്നവരുമായി മാറും എന്നത് തീർച്ച.

കുട്ടികൾ ഇന്ന് പലപ്പോഴും പിതാക്കന്മാരില്ലാത്ത അനാഥരായി കാണപ്പെടുന്നു എന്ന് പാപ്പ ദുഃഖത്തോടെ മുന്നറിയിപ്പ് നൽകുന്നു. ഒരു പിതാവായിരിക്കുക എന്നതിനർത്ഥം ജീവിതത്തിലേക്കും യാഥാർത്ഥ്യത്തിലേക്കും മക്കളെ കൈപിടിച്ച് നടത്തുക എന്നതാണ്. കുടുംബാംഗങ്ങളോടുള്ള, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള, ഊഷ്മളമായ ബന്ധം കുട്ടികളുടെ സമഗ്രവളർച്ചയ്ക്ക് അത്യാവശ്യമാണ്. **കോവിഡ് 19** മഹാമാരിയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾ ഏറ്റവുമധികം സമയം വീട്ടിൽത്തന്നെ ചെലവഴിക്കുമ്പോഴും ''അകന്നു'' കഴിയുന്ന മാതാപിതാക്കളും മക്കളും ഇന്നിന്റെ കാഴ്ചയാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് ടി. വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ അവരുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു, എങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ ദോഷകരമായി ബാധിക്കുന്നുണ്ട്. അതുവഴി തങ്ങളുടെ സ്വാർത്ഥലോകത്തിലേക്ക് കുട്ടികൾ ഒതുങ്ങി കൂടുകയും ആത്മീയമായ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യാം. താത്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. എല്ലാ ബുദ്ധിമുട്ടുകളും സഹിച്ച് കുട്ടികളുടെ കൂടെയായിരിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം.

യേശുവുമായുള്ള ബന്ധത്തിൽ ജോസഫ് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഭൂമിയിലെ നിഴലായിരുന്നു എന്ന് പാപ്പ പറയുന്നത് തന്റെ ജീവിതകാലം മുഴുവൻ ഒരു പിതാവിനെപ്പോലെ ഉണ്ണിയേശുവിനെ സംര

ക്ഷിച്ച യൗസേപ്പിതാവിന്റെ ദൗത്യബോധം കണ്ടിട്ടാണ്. പിതാക്കൾ ജനിക്കുകയല്ല, രൂപപ്പെടുകയാണ്. ഒരു മനുഷ്യൻ പിതാവാകുന്നത് കേവലം ഒരു ശിശുവിനെ ജനിപ്പിക്കുന്നതിലൂടെ മാത്രമല്ല, ആ ശിശുവിന്റെ സംരക്ഷണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിലൂടെയുമാണെന്ന് പാപ്പ ഓർമ്മിപ്പിക്കുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. ശാരീരികവും ആത്മീയവുമായ അപകടമേഖലകൾ കൂടിവരുന്നത് നാം തിരിച്ചറിയണം. കുട്ടികൾ ചെറുപ്പത്തിലേ മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് അടിമപ്പെടാതിരിക്കാനും മുതിർന്നവർ കുട്ടികളെ ലൈംഗികമായി ദുരുപയോഗം ചെയ്യാതിരിക്കാനും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്ക് അവർ കടന്നു ചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. ഓൺലൈൻ ക്ലാസ്സുകളുടെ ഈ കാലഘട്ടത്തിൽ, സാമൂഹ്യമാധ്യമങ്ങൾ വഴിയും ടെലിഫോൺ ഉപയോഗം വഴിയും കുട്ടികൾ തെറ്റിപ്പോകാതിരിക്കാൻ പ്രത്യേക ശ്രദ്ധ ആവശ്യമാണ്. കുട്ടികൾക്ക് അമിതസംരക്ഷണം നല്കുകയോ അവരെ പിന്തിരിപ്പിക്കുകയോ ചെയ്യാതെ, സ്വയം തീരുമാനിക്കാനും സ്വാതന്ത്ര്യം ആസ്വദിക്കാനും പുതിയ സാധ്യതകൾ പര്യവേക്ഷണം ചെയ്യാനും കഴിവുള്ളവരായി പടിപടിയായി അവരെ വളർത്തണം. അവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കാത്ത പിതാക്കന്മാരെയാണ് ഇന്നിന്റെ ആവശ്യം എന്ന് പാപ്പ പറയുന്നത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്.

നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നാണ് സഭയുടെ ആഗ്രഹം. കുട്ടികൾ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും വൈദികസന്യസ്തജീവിതാന്തസ്സുകളിലേക്കുള്ള ആഭിമുഖ്യം അവരിൽ വളർത്താനും സഹായിക്കുന്നതിൽ തിരുബാലസംഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്. മഹാമാരിയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായുള്ള നിയന്ത്രണങ്ങൾ മാറിക്കഴിയുമ്പോൾ മുൻവർഷങ്ങളിലെപ്പോലെ ഇടവകയിൽ ആഴ്ചയിൽ ഒരിക്കൽ തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവ

വചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്ന നല്ല പതിവുകൾ തുടരണം. (സാർവ്വത്രിക സഭയിലെ തിരുബാലസംഖ്യത്തിന്റെ സ്ഥാനത്താണ് മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ “മലങ്കര സുറിയാനി കത്തോലിക്കാ ചിൽഡ്രൺസ് ലീഗ്”).

തിരുബാലസഖ്യ ദിനമാചരിക്കുമ്പോൾ ഓരോ കുട്ടിയിലും നസ്രത്തിലെ തിരുബാലനെ നമുക്കു കാണാം. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവന്നു. നമ്മുടെ കുട്ടികൾക്ക് ഇതു പ്രചോദനവും ശക്തിയുമാകണം.

പ്രിയ മക്കളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിയേശുവിന് സമർപ്പിക്കുന്നു. സമൂഹത്തിനു മക്കൾ മുതൽക്കൂട്ടുകളായി ഭവിക്കട്ടെ. യേശുവിനെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ കാത്തുസംരക്ഷിക്കട്ടെ.

ഏറെ വാത്സല്യത്തോടും സ്നേഹത്തോടുംകൂടി,

**ആർച്ചുബിഷപ് ഡോ. തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുംതോട്ടം**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

**ബിഷപ് ഡോ. ജെയിംസ് ആനാപറമ്പിൽ**
വൈസ്ചെയർമാൻ, കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

---

NB: 2021 ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

## സർക്കുലർ

# പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ്

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി കഴിയുകയാണല്ലോ. അതിനാൽ പുതിയ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുക്കേണ്ടതുണ്ട്. രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനുമാണ് പാസ്റ്ററൽ കൗൺസിൽ രൂപീകരിച്ചിരിക്കുന്നത്. നമ്മുടെ രൂപതയുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് സഹായിച്ചിട്ടുള്ള ആലോചനാസമിതി എന്ന നിലയിൽ പാസ്റ്ററൽ കൗൺസിൽ നല്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ നിസ്തുലമാണ്. ഇപ്പോഴുള്ള പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ ഞാൻ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർ സഭാസ്നേഹികളും നമ്മുടെ രൂപതയുടെ ബഹുമുഖമായ വളർച്ചയ്ക്കുവേണ്ടി ആലോചന നല്കുവാൻ പര്യാപ്തമായ വിധത്തിൽ സഭാകാര്യങ്ങളിലും പൊതുവിഷയങ്ങളിലും അറിവുള്ളവരും സത്കീർത്തിയുള്ളവരും അടിയുറച്ച കത്തോലിക്കാവിശ്വാസത്തിൽ ജീവിക്കുന്നവരുമായിരിക്കണം (CCEO, c. 273 /4). കൂടാതെ ആനുകാലികമായ വിഷയങ്ങൾ പഠിച്ച് സഭയുടെ വളർച്ചയ്ക്കുപകരിക്കുന്ന രീതിയിൽ അവയെ എങ്ങനെ പ്രായോഗികതലത്തിൽ ആവിഷ്കരിക്കാമെന്ന നിർദേശം നൽകാൻ കഴിവുള്ളവരായിരിക്കണം പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരെയും അതിനുപുറമേ രൂപതാമെത്രാൻ നിയമിക്കുന്നവരെയും ഉൾപ്പെടുത്തി അടുത്ത പാസ്റ്ററൽ കൗൺസിൽ രൂപവത്കരിക്കാനാണുദ്ദേശിക്കുന്നത്.

രൂപതയുടെ അജപാലനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശക്തമായ അല്മായ നേതൃത്വം വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻനിർത്തിയും ഈ പ്രാവശ്യത്തെ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഫൊറോനാകൗൺസിലുകൾ

കൂടി രൂപീകരിക്കുവാൻ ആഗ്രഹിക്കുകയാണ്. രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയ്ക്കനുസൃതം ഫൊറോനാതലത്തിൽ സ്ഥാപിതമാകുന്ന ആലോചനാസമിതിയാണ് ഫൊറോനാകൗൺസിൽ. ഫൊറോന വികാരിയുടെ മേൽനോട്ടത്തിൽ ഫൊറോനയിലെ അജ പാലനപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടത്താൻ ഉപയുക്തമായ പ്രായോഗിക നിർദേശങ്ങൾ നൽകുന്നതിനുംപുറമേ പാസ്റ്ററൽ കൗൺസിലിന്റെ പരിഗണനയ്ക്കുവരേണ്ട വിഷയങ്ങളും രൂപ തയിൽനിന്ന് നിർദേശിക്കുന്ന ഇതരകാര്യങ്ങളും ചർച്ച ചെയ്ത് അഭി പ്രായങ്ങളും നിർദേശങ്ങളും അറിയിക്കുന്നതിനും ഈ സമിതിക്ക് ഉത്ത രവാദിത്വമുണ്ട്. രൂപതാ പാസ്റ്ററൽ - ഫൊറോന കൗൺസിലുകളിലേ ക്കുള്ള തെരെഞ്ഞെടുപ്പ് സംബന്ധിച്ച ക്രമങ്ങളും നടപടികളും ഇതോ ടൊപ്പം അറിയിക്കുന്നു.

A. **ഫൊറോന കൗൺസിൽ**

ഓരോ ഇടവകയിൽനിന്നും രൂപതാ പാസ്റ്ററൽ കൗൺസിലി ലേക്ക് തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയുള്ള അംഗങ്ങൾ ചേർന്ന താണ് ഫൊറോന കൗൺസിൽ. ഈ സമിതിയിൽ നിന്നാണ് രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രതിനിധികളായി 3 പേർ തെരഞ്ഞെടുക്ക പ്പെടേണ്ടത്. ഒരിക്കൽ രൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള 3 പ്രതിനിധികളെ തെരഞ്ഞെടുത്തുകഴിഞ്ഞാൽ ഈ സമിതിയിലുള്ള എല്ലാ അംഗങ്ങളും ഫൊറോന കൗൺസിൽ അംഗങ്ങളായിരിക്കും. ഈ ഫൊറോന കൗൺസിൽ വർഷത്തിൽ 2 പ്രാവശ്യമെങ്കിലും ബഹു. ഫൊറോന വികാരിമാരുടെ നേതൃത്വത്തിൽ സമ്മേളിക്കേണ്ടതാണ്.

B. **ഫൊറോന കൗൺസിലിലേക്ക് അംഗങ്ങളെ നിശ്ചയിക്കുന്ന ക്രമം**

1. ഇടവകവികാരിയുടെ നേതൃത്വത്തിലാണ് ഫൊറോന കൗൺസി ലിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.
2. ഇടവകകളിൽനിന്നുള്ള പ്രാതിനിധ്യം താഴെപ്പറയുന്ന പ്രകാരമാ യിരിക്കും.

500 കുടുംബങ്ങളിൽ താഴെയുള്ള ഇടവകകളിൽ നിന്ന് 3 പേർ വീതവും (ഒരംഗം സ്ത്രീയായിരിക്കണം) 500-ന് മുകളിൽ കുടും

ബങ്ങളുള്ള ഇടവകകളിൽ നിന്ന് 4 പേർ വീതവും (2 പേർ സ്ത്രീകൾ) തിരഞ്ഞെടുക്കപ്പെടാവുന്നതാണ്.

3. ഒരു ഇടവകയിൽ നിന്നും 24-നും 35-നും മദ്ധ്യേ പ്രായമുള്ള ഒരു പ്രതിനിധിയേയും 36-നു മുകളിൽ പ്രായമുള്ള ഒരു പ്രതിനിധിയേയുമാണ് പുരുഷന്മാരിൽ നിന്ന് തെരഞ്ഞെടുക്കേണ്ടത്. 25-നു മുകളിൽ പ്രായമുള്ള പ്രതിനിധിയെ സ്ത്രീകളിൽനിന്ന് തെരഞ്ഞെടുക്കണം.

4. ഓരോ ഇടവകയിലും ഇടവകവികാരിയുടെ വിവേചനാധികാരമുപയോഗിച്ച് പ്രതിനിധിയോഗത്തിൽനിന്നോ (Parish Council), പൊതുയോഗത്തിൽനിന്നോ ഫൊറോന കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുസമിതിയിലേക്കുള്ള അംഗങ്ങളെ മുകളിൽ സൂചിപ്പിച്ച യോഗ്യതകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കാവുന്നതാണ്. യോഗത്തിൽ പാസ്റ്ററൽ കൗൺസിലിനെക്കുറിച്ചും തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതകളെക്കുറിച്ചും ബഹു. വികാരിയച്ചൻ ആവശ്യമായ വിശദീകരണം നൽകേണ്ടതാണ്.

5. തെരഞ്ഞെടുപ്പിനു സ്വീകരിക്കേണ്ട രീതി: കഴിവതും ഏകകണ്ഠമായി തെരഞ്ഞെടുപ്പു നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. വോട്ടിംഗ് ആവശ്യമെന്നു കണ്ടാൽ രഹസ്യബാലറ്റുപയോഗിച്ച് അതു നടത്തേണ്ടതാണ്.

6. തെരഞ്ഞെടുപ്പു സംബന്ധിച്ചു പരാതിയുണ്ടെങ്കിൽ തെരഞ്ഞെടുപ്പിനുശേഷം മൂന്നുദിവസത്തിനകം ഫൊറോനാവികാരിയച്ചന് അത് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അതിന്മേലുള്ള തീർപ്പ് ഫൊറോനാവികാരി ഒരാഴ്ചയ്ക്കകം ഇടവകവികാരിവഴി പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

7. പരാതി ഏതെങ്കിലും ഫൊറോനാപ്പള്ളിയിലെ തെരഞ്ഞെടുപ്പു സംബന്ധിച്ചാണെങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അത് രൂപതാ പാസ്റ്ററൽ തെരഞ്ഞെടുപ്പു കമ്മീഷനു സമർപ്പിക്കേണ്ടതും കമ്മീഷൻ അതിന്മേലുള്ള തീരുമാനം കഴിവതുംവേഗം ഫൊറോനാവികാരി വഴി പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

## C. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ്

8. ഫൊറോനാവികാരിയുടെ നേതൃത്വത്തിലാണ് പാസ്റ്ററൽ കൗൺസിലിലേക്കുള്ള അംഗങ്ങളെ ഫൊറോനാതല തെരഞ്ഞെടുപ്പ് സമിതിയിൽനിന്നും തെരഞ്ഞെടുക്കേണ്ടത്.

9. ഒരു ഫൊറോനാകൗൺസിലിൽനിന്നും 3 പ്രതിനിധികളെയാണ് തെരഞ്ഞെടുക്കേണ്ടത്.

10. പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പിന്റെ സമയം, തീയതി, സ്ഥലം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഫൊറോനാവികാരി അതതു ഫൊറോനയിൽപ്പെട്ട ഇടവകകളെ മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാണ്. ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ അറിയിക്കേണ്ടത് ഇടവക വികാരിയുടെ ഉത്തരവാദിത്വമായിരിക്കും.

11. രൂപതാകേന്ദ്രത്തിൽനിന്നും തെരഞ്ഞെടുപ്പിന് സഹായിക്കാനായി നിയോഗിക്കപ്പെടുന്ന വ്യക്തി ഫൊറോനയിൽ എത്തിയശേഷമേ തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കാവൂ. ഫൊറോന വികാരി തെരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടു ദിവസങ്ങൾക്കകം തെരഞ്ഞെടുപ്പ് റിപ്പോർട്ട് രൂപതാചാൻസിലറിനെ ഏല്പിക്കേണ്ടതാണ്.

12. ഫൊറോനാതെരഞ്ഞെടുപ്പ് സമിതി പാസ്റ്ററൽ കൗൺസിലിലേക്ക് പ്രതിനിധികളെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കുന്നതായിരിക്കും ഉചിതം. അങ്ങനെ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ രഹസ്യബാലറ്റ് വഴിയുള്ള തെരഞ്ഞെടുപ്പുരീതി ഉപയോഗിക്കേണ്ടതാണ്.

13. ഫൊറോനാവികാരി ഫൊറോനാതല പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പിനുവേണ്ട ബാലറ്റുപേപ്പറുകൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കേണ്ടതാണ്.

14. ഒരു ഫൊറോനതല തെരഞ്ഞെടുപ്പ് സമിതിയിൽനിന്നും 24-നും 35-നും മദ്ധ്യേ പ്രായമുള്ള ഒരു പ്രതിനിധിയേയും 36-നു മുകളിൽ പ്രായമുള്ള ഒരു പ്രതിനിധിയേയുമാണ് പുരുഷന്മാരിൽനിന്ന് തെരഞ്ഞെടുക്കേണ്ടത്. 25-നു മുകളിൽ പ്രായമുള്ള ഒരു പ്രതിനിധിയെ സ്ത്രീകളിൽനിന്ന് തെരഞ്ഞെടുക്കണം.

15. ഓരോ പ്രായവിഭാഗത്തിലും വോട്ടിംഗിൽ സമനില വന്നാൽ, വോട്ടെണ്ണത്തിൽ ഏറ്റവും കൂടുതൽ വോട്ടുള്ള ഒരാളെ തെരഞ്ഞെടുക്കുന്നതുവരെ വോട്ടിംഗ് തുടരേണ്ടതാണ്.

16. തുടർച്ചയായി രണ്ടു പ്രാവശ്യത്തിൽ കൂടുതൽ ഒരാൾ പാസ്റ്ററൽ കൗൺസിലിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുവാൻ പാടില്ല.

17. ഒരു ഇടവകയിൽനിന്ന് ഒന്നിൽ കൂടുതൽ അംഗങ്ങളെ പാസ്റ്ററൽകൗൺസിലിലേക്ക് തിരഞ്ഞെടുക്കാൻ പാടില്ല.

18. ഏതെങ്കിലും കാരണവശാൽ ഒരു ഇടവകയിൽനിന്നും ഫൊറോനാ തെരഞ്ഞെടുപ്പ് സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗം പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പിന് അറിയിച്ചിരിക്കുന്ന നിശ്ചിതസമയത്ത് എത്തിച്ചേർന്നില്ലെങ്കിൽ അയാൾക്ക് വോട്ടിംഗ് അവകാശം നഷ്ടപ്പെടുന്നതാണ്.

19. ഫൊറോനാവികാരി ഫൊറോനകൗൺസിൽ തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരാഴ്ചക്കുള്ളിൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ്, രൂപതാചാൻസിലറെ ഏൽപ്പിക്കേണ്ടതാണ്.

20. തെരഞ്ഞെടുപ്പു സംബന്ധിച്ചു പരാതിയുണ്ടെങ്കിൽ തെരഞ്ഞെടുപ്പിനുശേഷം മൂന്നുദിവസത്തിനകം പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് കമ്മീഷന് അത് രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അതിന്മേലുള്ള തീർപ്പ് ഒരാഴ്ചയ്ക്കകം പരാതിക്കാരനെ അറിയിക്കേണ്ടതുമാണ്.

21. രൂപതാ പാസ്റ്ററൽ കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഉണ്ടാകുന്ന തർക്കങ്ങളിൽ രൂപതാമെത്രാന്റെ തീരുമാനം അന്തിമമായിരിക്കും.

**ഫാ. ഫ്രാൻസിസ് കീരംപാറ**
സിഞ്ചെല്ലൂസ്

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാമെത്രാൻ

# രൂപതക്കച്ചേരി

## C. *7/2021* അഖിലലോക രോഗീദിനം

2021 ഫെബ്രുവരി 11-ാം തീയതി വ്യാഴാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

## *C. 8/2021* സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ

നമ്മുടെ ആരാധനക്രമചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് 2021 ഫെബ്രുവരി 12-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

## *C.9/2021* വലിയനോമ്പാരംഭവും വിവാഹാഘോഷമുടക്കവും

2021 ഫെബ്രുവരി 14-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക് വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. വളരെ അത്യാവശ്യ സാഹചര്യത്തിൽ മാത്രമേ ആഘോഷങ്ങൾ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യമോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ചന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പിക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തുമ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി, വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*C.10 /2021* **മലേക്കുരിശ് തീർത്ഥാടനം**

നമ്മുടെ രൂപതയിലെ പൗരാണികമായ ആരക്കുഴ-മലേക്കുരിശിലേയ്ക്കുള്ള തീർത്ഥാടനത്തിനും മലകയറ്റത്തിനും രണ്ടര നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലോകമെമ്പാടും കോവിഡ് പ്രതിസന്ധിയിലായിരിക്കുന്ന ഇക്കാലത്ത് പതിവുരീതിയിലുള്ള തീർത്ഥാടനം നടത്തുക സാധ്യമല്ലാത്തതിനാൽ ഈ വർഷം പ്രതിനിധികളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് 19-02-2021 വെള്ളിയാഴ്ച 4.30 pm-ന് ആരക്കുഴ പി.ഒ. ജംഗ്ഷനിൽ നിന്നും മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ മലേക്കുരിശ് തീർത്ഥാടനം നടത്തുന്നതും തുടർന്ന് മലമുകളിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധബലി അർപ്പിച്ച് പ്രാർത്ഥിക്കുന്നതുമാണ്. എല്ലാവരുടെയും പ്രാർത്ഥനാസഹകരണവും ആത്മീയ സാന്നിദ്ധ്യവും പ്രതീക്ഷിക്കുന്നു.

Bishop

C. *11/2021* **Monthly Recollection & Presbyterium**

Monthly Recollection for the month of February will be held at NESTT on 09-02-2021, 10.00 am to 11.30 am. A plenary meeting of the Priests of the Eparchy of Kothamangalam will be conducted on Tuesday **February 9** from 11.30 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail. Agenda may be send before 07-02-2021.

Bishop

*C.12 /2021* **തിരട്ട് ഫീസ് (2020-21)**

നമ്മുടെ രൂപതയുടെ പ്രീസ്റ്റ് ഹോം പണി നടക്കുന്നതിനാൽ ഈ സാമ്പത്തിക വർഷത്തെ തിരട്ട് ഫീസും രൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ട മറ്റു പിരിവുകളും കഴിയുന്നതും വേഗം രൂപതാകേന്ദ്രത്തിൽ ഏല്പിച്ചു സഹകരിക്കുമല്ലോ.

Procurator

## *C.13/2021* Nirmala Coaching Centre

രൂപതയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മലാകോളേജിൽ വിവിധ മത്സരപരീക്ഷകൾക്ക് കുട്ടികളെ ഒരുക്കുന്നതിന് Coaching Centre ആരംഭിക്കുന്നു

### Civil Service Coaching

ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന Civil Service Coaching നടത്തുന്ന പ്രശസ്തമായ ALS Academy-യും കോതമംഗലം രൂപതയും സംയുക്തമായി സിവിൽ സർവീസ് പരീക്ഷയ്ക്ക് കുട്ടികൾക്ക് പരിശീലനം നൽകുന്നു. അർഹരായ കുട്ടികൾക്ക് "Kothamangalam Bishop's Scolarship" എന്ന പേരിൽ സ്കോളർഷിപ്പ് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. 2021 ഏപ്രിൽ 15-ന് നടത്തുന്ന പ്രവേശനപരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് നിർണ്ണയം നടത്തിയാണ് സ്കോളർഷിപ്പ് നൽകുന്നത്.

### Syllabus

| | | |
|---|---|---|
| സൺഡേ സ്കൂൾ X, XI, XII ക്ലാസ്സുകളിലെ പാഠപുസ്തകം | - | 50% മാർക്ക് |
| പൊതുവിജ്ഞാനം | - | 50% മാർക്ക് |

### റാങ്കുകൾ

ആദ്യത്തെ രണ്ടു റാങ്കുകൾ നേടുന്ന കുട്ടികൾക്ക് ഡൽഹി ALS -ൽ താമസിച്ച് മുഴുവൻ ഫീസിളവും (രണ്ട് ലക്ഷം), ഹോസ്റ്റൽ ഫീസ് 50 ശതമാനവും ഇളവ് നൽകി പരിശീലനം നൽകുന്നു.

### 75% ഫീസിളവ്

3 മുതൽ 12 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 75% ഫീസിളവ് നൽകി (₹ 110000) മൂവാറ്റുപുഴ Nirmala Coaching Centre -ൽ പരിശീലനം നൽകുന്നു.

### 50% ഫീസിളവ്

13 മുതൽ 27 വരെ റാങ്ക് നേടുന്ന കുട്ടികൾക്ക് 50% ഫീസിളവ് നൽകി മൂവാറ്റുപുഴ Nirmala Coaching Centre -ൽ പരിശീലനം നൽകുന്നു.

**മറ്റു പരിശീലന പദ്ധതികൾ**

KAS, Staff Selection Commission, PSC, Indian Railway Service എന്നിവ നടത്തുന്ന മത്സരപരീക്ഷകൾക്കും പരിശീലനം നൽകാൻ നിർമ്മല കോച്ചിംഗ് സെന്റർ ലക്ഷ്യമിടുന്നു.

Civil Service പരീക്ഷകൾക്ക് ഒരുക്കുന്നതിനായി മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി അവരുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ ബഹു. ചാൻസിലറച്ചനെ മാർച്ച് 15-ന് മുമ്പ് അറിയിക്കുക. (ജൂണിൽ ആരംഭിക്കുന്ന ക്ലാസ്സിന് ഡിഗ്രി പാസ്സായവരും ഡിഗ്രിക്ക് Final year പഠിക്കുന്നവരെയുമാണ് പ്രതീക്ഷിക്കുന്നത്.) അതിനുശേഷം ആരംഭിക്കുന്ന ക്ലാസ്സുകളിലേക്ക് Higher Secondary Students-നും പരിശീലനം നൽകുന്നതാണ്.

*Chancellor*

# മൈനർ സെമിനാരി

*MS 2/2021* **ഓൺലൈൻ വൊക്കേഷൻ സെമിനാർ**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്താനായി ഫൊറോനാതലത്തിൽ മിഷൻലീഗിന്റെയും വിജ്ഞാനഭവന്റെയും സഹകരണത്തോടെ ദൈവവിളി സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. ഊന്നുകൽ, മുതലക്കോടം, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, മാറിക എന്നീ ഫൊറോനകളിൽ സംഘടിപ്പിച്ച ഗൂഗിൾ മീറ്റിൽ റവ. ഫാ. സെബാസ്റ്റ്യൻ നെടുമ്പുറം, റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു. കുട്ടികളെ പങ്കെടുപ്പിച്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും നന്ദി.

*MS 3/2021* **Benefactors' Day**

മൈനർ സെമിനാരിയിലെ ഉപകാരികളുടെ സംഗമം ഓൺലൈനായി ജനുവരി 26-ാം തീയതി നടത്തി. വൈകിട്ട് 7.00 മണിക്ക് ബഹു. ഔസേപ്പച്ചൻ നെടുമ്പുറം നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. സെമിനാരിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും വരവ്ചെലവ് കണക്കുകളെ സംബന്ധിച്ചും വ്യക്തമായ ചിത്രം ഉപകാരി

കൾക്കു നൽകുകയുണ്ടായി. രൂപതയുടെ പേരിൽ ഉപകാരികളുടെ സന്മനസ്സിന് അഭിവന്ദ്യപിതാവ് നന്ദിയർപ്പിച്ചു. പെരി. ബഹു. ഫ്രാൻസീസ് കീരമ്പാറയച്ചൻ ഉപകാരികൾക്ക് ആശംസകൾ അർപ്പിച്ചു. ബഹു. അച്ചൻമാരും വിവിധ സന്യാസസഭകളിലെ പ്രൊവിൻഷ്യൽ സുപ്പിരീയേഴ്സും ഉൾപ്പെടെ നൂറോളം പേർ ഗൂഗിൾ മീറ്റിൽ പങ്കെടുത്തു.

*MS 4/2021* **Short Film 'പാദമുദ്രകൾ'**

ദൈവവിളി പ്രോത്സാഹനാർത്ഥം മൈനർ സെമിനാരി വിദ്യാർത്ഥികൾ സ്പിരിച്ച്വൽ ഫാദർ ഔസേപ്പച്ചൻ നെടുമ്പുറത്തിന്റെ നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ 'പാദമുദ്രകൾ' എന്ന Short Film ജനുവരി 26-ന് റിലീസ് ചെയ്തു. സെമിനാരിയുടെ യൂട്യൂബ് ചാനലിൽ upload ചെയ്തിരിക്കുന്ന Short Film കണ്ട് അവരെ പ്രോത്സാഹിപ്പിക്കുമല്ലോ.

*MS 5/2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1 | One Benefactor | ₹ 1,00,000 |
| 2 | Mathew Parappuram | ₹ 10,000 |
| 3 | One Benefactor | ₹ 10,000 |
| 4 | Sebastian Ouseparambil, Thodupuzha East | ₹ 2,000 |
| 5 | Thomas Kottackal, Nellimattam | ₹ 10,000 |
| 6 | Jose Kozhuppathadam & Family, Muthalakodam | ₹ 25,000 |
| 7 | Dr. Thomas Thekkumkattil, St. Mary's Hospital, Thodupuzha | ₹ 10,000 |
| 8 | One Benefactor | ₹ 2,000 |
| 9 | V. Rev. Fr. Joseph Mulanjanany | ₹ 10,000 |
| 10 | One Benefactor | ₹ 5,000 |
| 11 | Francis Kavumpuram in memory of Bro. Jose Kavumpuram | ₹ 2,000 |

*Rector*

## വിജ്ഞാനഭവൻ

*V. 4/2021* **ലോഗോസ് പരീക്ഷ 2021, സെപ്റ്റംബർ 26 ഞായർ**

2021 മാർച്ച് മാസത്തിൽ നടത്താനിരുന്ന ലോഗോസ് പരീക്ഷ 2021 സെപ്റ്റംബർ 26-ാം തീയതിയിലേക്ക് മാറ്റിയിരിക്കുന്നു. പാഠഭാഗങ്ങളിൽ മാറ്റമില്ല.

*V. 5/2021* **സ്കോളർഷിപ്പ് പരീക്ഷ**

4, 7, 10 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഒരുക്കുന്ന സ്കോളർഷിപ്പ് പരീക്ഷയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**Std. IV**

| | | |
|---|---|---|
| Std IV | - | 70% |
| I, II, III | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. VII**

| | | |
|---|---|---|
| Std VII | - | 70% |
| V, VI | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

**Std. X**

| | | |
|---|---|---|
| Std X | - | 70% |
| VIII, IX | - | 20 % |
| പൊതുവിജ്ഞാനം | - | 10 % |

*V. 6/2021* **വിശ്വാസപരിശീലന രംഗത്ത് 50, 30, 25, 20, 15,10 വർഷങ്ങൾ പൂർത്തിയാക്കുന്നവർ**

**50** - സി. കൊച്ചുത്രേസ്യ പ്ലാക്കപുത്തൻപുരയിൽ SABS, കോടിക്കുളം

**30** - ഷാജി വർഗീസ് പുൽപറമ്പിൽ, ബസ്ലേഹം
ജോജോ തോമസ് ഇടക്കാട്ട്, കദളിക്കാട്

**25** - സി. ഫിൽസി നെല്ലിക്കുന്നേൽ SABS, മുവാറ്റുപുഴ ഈസ്റ്റ്

**20** - റാണി ജെയിംസ് പുൽപ്രയിൽ, പോത്താനിക്കാട്
സി. റ്റിൻസി കിഴക്കേഭാഗം, SABS, കദളിക്കാട്
ജോബിൻസൺ ജേക്കബ് കല്ലൂർക്കുന്നേൽ, ഏഴല്ലൂർ

**15** - ജിന്നി സുനിൽ തോട്ടുങ്കൽ, മേക്കടമ്പ്
ജോബിൻ പി. വർഗീസ് പാറയ്ക്കമലയിൽ, മേക്കടമ്പ്
സി. ക്ലെമൻസി ASMI, വാഴപ്പിള്ളി ഈസ്റ്റ്

**10** - മിനി ബേബി തറയിൽ, കോടിക്കുളം
ലിസി ജോസി കളപ്പുരയിൽ, കോടിക്കുളം

ജോമറ്റ് ജോർജ് ആനിക്കുടിയിൽ, കദളിക്കാട്
ദീപ റോയി വെളിയന്നൂർക്കാരൻ, വാഴപ്പിള്ളി ഈസ്റ്റ്

*Director*

# ബൈബിൾ അപ്പോസ്തലേറ്റ്

*BA. 1/2021* **ബൈബിൾ ക്ലാസ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തി വന്നിരുന്ന ബൈബിൾ ക്ലാസ്സുകൾ കോവിഡ് കാലത്ത് മുടങ്ങിയിരിക്കുകയാണല്ലോ. എന്നാൽ ഇടവക കേന്ദ്രീകരിച്ച് ക്ലാസ്സുകൾ നടത്തുവാൻ സൗകര്യം ഒരുക്കുവാൻ ആഗ്രഹിക്കുന്നു. കുറഞ്ഞത് 20 പേരെങ്കിലും ഉള്ള ഒരു ഗ്രൂപ്പ് ആണ് പ്രതീക്ഷിക്കുന്നത്. രണ്ടര മണിക്കൂർ വീതം ഉള്ള 30 ക്ലാസ്സുകളിൽ സംബന്ധിക്കുന്നവർക്ക് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റും നൽകുന്നതാണ്.

**പഠനഭാഗം**

- ❖ ബൈബിൾ : വി. ഗ്രന്ഥരചനയും പശ്ചാത്തലവും
- ❖ ബൈബിൾ വ്യാഖ്യാന രീതികൾ
- ❖ വി. മത്തായിയുടെ സുവിശേഷം (സമഗ്രപഠനം)

ഇടവകകളിലെ സൗകര്യം കണക്കിലെടുത്ത് സമയക്രമീകരണം നടത്താവുന്നതാണ്. താല്പര്യമുള്ള വികാരിയച്ചന്മാർ ബന്ധപ്പെടുമല്ലോ. ഫോൺ 9947005704

*Director*

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 4/2021* **അദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷ**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിലേക്ക് 2020 ജനുവരിയിൽ അപേക്ഷ സ്വീകരിച്ചിരുന്നു. എന്നാൽ കോവിഡ്-19 ന്റെ പശ്ചാത്തല

ത്തിൽ അപേക്ഷകർക്കുള്ള പരീക്ഷകൾ നടത്താൻ സാധിച്ചില്ല. ഇത് 2021 ഏപ്രിൽ മാസത്തിൽ നടത്തുന്നതായിരിക്കും. നേരത്തെ അപേക്ഷ തരാത്തവർക്ക് ഇപ്പോൾ അപേക്ഷിക്കാവുന്നതാണ്. TTC, B.Ed, KTET, SET, NET, MPhil വിജയിച്ചവർക്കാണ് അവസരം. 2021 മാർച്ച് 1 മുതൽ അപേക്ഷാഫോമുകൾ ഈ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നതായിരിക്കും. കഴിഞ്ഞവർഷം അപേക്ഷ നൽകിയവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

*Edn. 5/2021* **അപേക്ഷാഫോറം**

2021-22 അദ്ധ്യയന വർഷത്തിലേക്കുള്ള ട്രാൻസ്ഫറിന് വേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ 1-3-2021 മുതൽ ഈ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്. 10 വർഷത്തിൽ കൂടുതൽ ഒരേ സ്കൂളിൽ ജോലി ചെയ്തുവരുന്നവർക്ക് ട്രാൻസ്ഫർ പ്രതീക്ഷിക്കാവുന്നതാണ്. ഒരു സ്കൂളിൽ 5 വർഷമെങ്കിലും ആകാത്തവർ ട്രാൻസ്ഫർ ചോദിക്കാനും പാടില്ല.

*Secretary*

# സോഷ്യൽ സർവീസ്

*SS. 3/2021* **ജീവ FPO ഉദ്ഘാടനം ചെയ്തു**

കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ 11-01-2021-ന് കാരക്കുന്നം FPO ഹാളിൽ കൂടിയ പൊതുയോഗത്തിൽ വച്ച് ഇടുക്കി MP അഡ്വ. ഡീൻ കുര്യാക്കോസ് കാരക്കുന്നം ജീവ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) ഉദ്ഘാടനം ചെയ്തു. KSSS ഡയറക്ടർ ഫാ. തോമസ് ജെ. പറയിടം ആമുഖസന്ദേശവും കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണവും നടത്തി. രൂപത വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, മൂവാറ്റുപുഴ ഫൊറോന വികാരി ഫാ. ജോസഫ് മുളഞ്ഞനാനി, തൊടുപുഴ KADS ചെയർമാൻ ശ്രീ. ആന്റണി കണ്ടിരിക്കൽ, മുൻസിപ്പൽ കൗൺസി

ലർ അഡ്വ. സിജു അബ്രാഹം, വ്യവസായ വികസന ഓഫീസർ ശ്രീ. ജിയോ ജോസ്, കോതമംഗലം കൃഷി അസി. ഡയറക്ടർ ബിന്ദു വി. പി. എന്നിവർ പ്രസംഗിച്ചു. ശ്രീ. ഫ്രാൻസീസ് കാവുംപുറം സ്വാഗതവും കാരക്കുന്നം ഇടവകവികാരി ഫാ. ജോസഫ് വെള്ളിയാംതടം കൃതജ്ഞതയും അർപ്പിച്ചു. FPO-യുടെ കീഴിലുള്ള വിവിധ കർഷക താല്പര്യ ഗ്രൂപ്പുകളിൽ നിന്നുമുള്ള പ്രതിനിധികളും സമീപ ഇടവക കളിലെ ബഹു. വികാരിയച്ചന്മാരും മറ്റു അഭ്യുദയകാംക്ഷികളുമുൾപ്പടെ 145 പേർ കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് ക്രമീകരിച്ച സമ്മേ ളനത്തിൽ സംബന്ധിച്ചു.

### *SS. 4/2021* **മേജർ ആർച്ചുബിഷപ്പ് FPO സന്ദർശിച്ചു**

13-01-2021-ന് സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി കാരക്കുന്നം ജീവ കർഷക ഉത്പാ ദനസംഘം സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും സംഘാംഗങ്ങൾക്ക് ആശംസകൾ നേരുകയും ചെയ്തു. സംഘത്തിന്റെ ഭാഗമായ ജീവ FIG യുടെ നേതൃത്വത്തിൽ സ്ഥാപിച്ചിരിക്കുന്ന മൂല്യവർദ്ധിത യൂണിറ്റും അനുബന്ധ പ്രവർത്തനങ്ങളും കർഷകർക്ക് വലിയ ആശ്വാസമാ ണെന്നും ഇതിനോടകം തന്നെ 20-ൽ കൂടുതൽ കർഷകർക്ക് തൊഴി ലവസരം നൽകുവാൻ സാധിച്ചുവെന്നത് സംഘത്തിന്റെ വലിയ നേട്ട മാണെന്നും ശ്രേഷ്ഠ മെത്രാപ്പോലീത്ത പറഞ്ഞു.

### *SS. 5/2021* **FPO യുടെ ലോഗോ പ്രകാശനം ചെയ്തു**

മേജർ ആർച്ചുബിഷപ്പ് ജീവ FPO സന്ദർശിച്ച വേളയിൽ FPO യുടെ ലോഗോ പ്രകാശനം ചെയ്തു. ഉള്ളം കയ്യിൽ കർഷകനെ താങ്ങി യിരിക്കുന്ന ചിത്രവും ജീവ എന്ന പേരും വളരെ അർത്ഥപൂർണ്ണമാ ണെന്ന് കർദ്ദിനാൾ അഭിപ്രായപ്പെട്ടു. കർഷകസംഘത്തിന്റെ മനോഹ രമായ ലോഗോ തയ്യാറാക്കിയ മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ സ്കൂൾ അധ്യാപകനായ ശ്രീ. അലക്സ് ജോയി സാറിന് FPO യുടെ പേരിൽ നന്ദിയും അഭിനന്ദനങ്ങളും നേരുന്നു.

### *SS. 6/2021* **കർഷക സെമിനാർ നടത്തി**

FPOയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ കർഷക സെമിനാർ എറണാകുളം ജില്ല പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീ സർ ശ്രീ. ദിലീപ്കുമാർ ടി. ഉദ്ഘാടനം ചെയ്തു. കൃഷി അസി. ഡയ

റക്ടർ ദീപ റ്റി.ഒ., കോതമംഗലം കൃഷി ഫീൽഡ് ഓഫീസർ സാജു ഇ. പി., വാരപ്പെട്ടി കൃഷി ഓഫീസർ രാജേന്ദ്രൻ എ. എൻ. എന്നിവർ സെമിനാർ നയിച്ചു.

*SS. 7/2021* **ഇടവകകളിലെ കർഷക കൂട്ടായ്മകൾ**

വിവിധ ഇടവകകളിൽ രൂപപ്പെട്ടിരിക്കുന്ന കർഷകകൂട്ടായ്മകളുടെ ആഭിമുഖ്യത്തിൽ പൊതുവായി ചെയ്യാവുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നത് നല്ലതാണ്. മഞ്ഞൾ, ഇഞ്ചി, ഫലവൃക്ഷങ്ങൾ എന്നിവ കൃഷി ചെയ്യുന്നതും തേനീച്ചക്കൃഷിയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

*SS. 8/2021* **ആശാകിരണം ടിൻ കളക്ഷൻ**

കാൻസർ രോഗികളെ സഹായിക്കുവാൻ ഫണ്ട് രൂപികരിക്കുവാനായി നമ്മുടെ വീടുകളിൽ സ്ഥാപിച്ചിരിക്കുന്ന ടിന്നുകളിലെ തുക പല ഇടവകകളിൽനിന്നും ശേഖരിച്ച് ഇതിനോടകം പല ബഹു. വികാരിയച്ചന്മാരും രൂപത സോഷ്യൽ സർവ്വീസ് ഓഫീസിൽ എത്തിച്ചുതന്നതിന് നന്ദി അറിയിക്കുന്നു. നമുക്കറിയാവുന്നതുപോലെ കാൻസർ രോഗികളുടെ എണ്ണം കൂടിവരുന്നു. ഇതിനോടകം ആശാകിരണം കാൻസർ സഹായ പദ്ധതിയുടെ കാർഡ് കൊടുത്തിട്ടുള്ളവർക്കും പുതുതായി സാമ്പത്തിക സഹായം ആവശ്യപ്പെടുന്നവർക്കും ചികിത്സാസഹായം നൽകുവാൻ നമ്മുടെ പദ്ധതി തുടരേണ്ടത് അത്യാവശ്യമാണല്ലോ. ഇടവകകളിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും സാധിക്കുന്നവർ സമയംപോലെ ഈ തുക ശേഖരിച്ച് ഓഫീസിൽ എത്തിച്ചുനൽകണമെന്ന് അഭ്യർത്ഥിക്കുന്നു

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 7/2021*

ലോക്ക്ഡൗൺ കാലഘട്ടത്തിൽ ശാഖാമേഖലാതലങ്ങളിൽ നടന്ന മിഷൻലീഗ് പ്രവർത്തനങ്ങളെ രൂപതാതലത്തിൽ ക്രോഡീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഇതിനായി നിങ്ങളുടെ ശാഖയിലും മേഖലയിലും ഈ കഴിഞ്ഞ കാലഘട്ടത്തിൽ നടന്ന പ്രവർത്തനങ്ങളുടെ

ഫോട്ടോകളും വീഡിയോകളും അതിന്റെ വിശദാംശങ്ങളും അതത് മേഖല ഇൻചാർജ്ജുമാർക്ക് ഫെബ്രുവരി 15-ന് മുൻപായി അയച്ചു കൊടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## MEKHALA INCHARGERS 2020 -2021

| | | |
|---|---|---|
| 1 **Kothamangalam** | Ashbin Aloysius | 8848493188 |
| 2 **Muvattupuzha** | Alan Mathew Vincent | 7034307767 |
| 3 **Vazhakulam** | Denson Dominic | 9495472364, 9562936059 |
| 4 **Thodupuzha** | Ebin Siby | 8086491326 |
| 5 **Muthalakodam** | Jeffin Noble | 9895098616, 7025292847 |
| 6 **Karimannoor** | Sajil George | 9947345348 |
| 7 **Kaliyar** | Cyriac Victor | 9539435458 |
| 8 **Oonnukal** | Ajith Joseph | 7025087943 |

### *CML 8/2021* കുറുപ്പംപടിയിലെ ജോസൂട്ടൻ

ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയും കുറുപ്പംപടി ശാഖയും സംയുക്തമായി സംഘടിപ്പിക്കുന്ന 'കുറുപ്പംപടിയിലെ ജോസൂട്ടൻ' എന്ന പരിപാടിയുടെ 5-ാമത് എപ്പിസോഡ് 20-01-2021-ന് യൂട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്തു.

### *CML 9/2021* പ്രേഷിതവാരാഘോഷം

സീറോമലബാർ സഭ പ്രേഷിതവാരമായി ആഘോഷിച്ച ജനുവരി 6 മുതൽ 12 വരെയുള്ള ഒരാഴ്ചക്കാലം സമുചിതമായി കൊണ്ടാടുകയും മിഷനറിമാർക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് സീറോമലബാർ സഭയിലെ അഞ്ച് വ്യത്യസ്ത മിഷൻ രൂപതകളെ യൂട്യൂബിലൂടെ പരിചയപ്പെടുത്തി.

### *CML 10/2021* രൂപതാതലമിഷനറിസംഗമം

കോതമംഗലം രൂപതയുടെ ചരിത്രത്തിലാദ്യമായി കേരളത്തിനുപുറത്തുള്ള വിവിധ സംസ്ഥാനങ്ങളിലും വിവിധരാജ്യങ്ങളിലുമായി സേവനം ചെയ്യുന്ന രൂപതയിൽ നിന്നുള്ള മിഷനറിമാരെ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഒരുമിച്ചുകൂട്ടി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പങ്കെടുത്ത ഈ സമ്മേളനത്തിൽ 200-ൽ അധികം

മിഷനറിമാർ വിവിധ ഭൂഖണ്ഡങ്ങളിൽ നിന്നായി പങ്കെടുത്തു. അഭിവന്ദ്യ പിതാവിനും പങ്കെടുത്ത എല്ലാ മിഷനറിമാർക്കും ചെറുപുഷ്പ മിഷൻലീഗ് കോതമംഗലം രൂപതയുടെ നന്ദി അറിയിക്കുന്നു.

*CML 11/2021* **ഇടവകയ്ക്ക് ഒരു ബൈബിൾ**

കോതമംഗലം രൂപതയിലാകെ തരംഗമായിക്കൊണ്ടിരിക്കുന്ന 'ഇടവകയ്ക്ക് ഒരു ബൈബിൾ' എന്ന ബൈബിൾ കയ്യെഴുത്ത് പ്രതി നിർമ്മാണം ഇതിനോടകം 70 ഇടവകകൾക്ക് പ്രകാശനം ചെയ്ത് പൂർത്തീകരിക്കുവാൻ സാധിച്ചു. മാറാടി ചിറ്റൂർ പെരുമണ്ണൂർ, കല്ലാനിക്കൽ, വെട്ടിമറ്റം, പൂയംകുട്ടി, നിർമ്മലമാതാ, പെരിങ്ങഴ, മീങ്കുന്നം, കുണിഞ്ഞി, നെടിയശാല, കലയന്താനി, പൈങ്ങോട്ടൂർ, മുളപ്പുറം, കൊടുവേലി, തൊടുപുഴ ഈസ്റ്റ്, മുതലക്കോടം, തൊമ്മൻകുത്ത്, നാകപ്പുഴ, മാറിക, പന്നിമറ്റം ഇടവകകൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

*CML 12/2021* **വെബ്സൈറ്റ്**

പുതിയ കുട്ടികളുടെ പേരുകൾ ചേർക്കുന്നതിനായി വെബ്സൈറ്റ് ഫെബ്രുവരി 10 മുതൽ ഓപ്പൺ ചെയ്യുന്നതാണ്. എത്രയും പെട്ടെന്ന് കുട്ടികളുടെ പേരുകൾ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. കൂടാതെ വെബ്സൈറ്റിൽ എന്തെങ്കിലും അപ്ഡേഷൻ ഉണ്ടെങ്കിൽ അതും ഈ സമയത്ത് ചെയ്യാം. സംശയങ്ങൾ ഉണ്ടെങ്കിൽ വിളിക്കേണ്ട നമ്പറുകൾ.

1. 9539411334   2. 8281319604   3. 9496495200

*Director*

---

# കെ.സി.എസ്.എൽ.

---

*KCSL. 6/2021* **ക്രിസ്തുമസ് മത്സരങ്ങൾ**

ക്രിസ്തുമസിനോടനുബന്ധിച്ച് ഓൺലൈനായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ.

**വിജയികൾ**

**ക്രിസ്തുമസ് സന്ദേശം**

**UP വിഭാഗം**

I Feona Mary Binoy, SAGHSS, Kothamangalam

II Annjoe Sabu, Jai Rani Public School, Kaliyar
III Aleena Benny, SJHS, Arakuzha

**HS വിഭാഗം**

I Anand Joe Nedumkallel, VMHSS, Kadalikad
II Megha Mary Varghese, Jai Rani EM HSS, Thodupuzha
III Roshan Shaju, SGHSS, Kothamangalam

**HSS വിഭാഗം**

I Cilja Rose Jomon, SAGHSS, Kothamangalam
II Agna Bijo, SAGHSS, Kothamangalam
III Aleena George, VMHSS, Kadalikad

**ക്രിസ്തുമസ് ഫാമിലി കരോൾ**

ഒന്നാം സ്ഥാനം -ഡാനി ജോയി & ഫാമിലി SJHSS, പൈങ്ങോട്ടൂർ
രണ്ടാം സ്ഥാനം -സെന്റ് സേവ്യേഴ്സ് പബ്ലിക് സ്കൂൾ, പോത്താനിക്കാട്
മൂന്നാം സ്ഥാനം -സെന്റ് ജോസഫ് ഹൈസ്കൂൾ, ആരക്കുഴ

**KCSL - മെഗാ ക്വിസ്**

UP - Alen K Seli, SJHSS, Paingotoor
HS - Anna Therese George, SJHSS, Paingotoor
HSS - Jomitta Joby, SJHSS, Paingottoor

*KCSL. 7/2021* **സംസ്ഥാനതല മികവ്**

2019-20 പ്രവർത്തന വർഷം സംസ്ഥാനതലത്തിലെ മികച്ച യൂണിറ്റുകളെ പ്രഖ്യാപിച്ചു.

**കോതമംഗലം രൂപത നേടിയ ബഹുമതികൾ**

1. **മികച്ച UP വിഭാഗം** - SAGHSS, കോതമംഗലം
2. **മികച്ച HSS വിഭാഗം** - SJHSS, പൈങ്ങോട്ടൂർ
3. **ക്രിസ്തുമസ് സന്ദേശം**

   III Feona Mary Binoy, SAGHSS, Kothamangalam

4. **ഫാമിലി കരോൾ**

   II ഡാനി ജോയി & ഫാമിലി (SJHSS, പൈങ്ങോട്ടൂർ)

രൂപതയ്ക്ക് അഭിമാനാർഹമായ ഈ നേട്ടത്തിനായി പരിശ്രമിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.

*Director*

# ഫാമിലി അപ്പോസ്തലേറ്റ്

*FA 1/2021* **ലീഡേഴ്സ് മീറ്റിംഗ്**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ ലീഡേഴ്സ് മീറ്റ് ഫെബ്രുവരി 10-ാം തീയതി 3.00 മണിക്ക് ഓൺലൈനായി നടത്തപ്പെടുന്നു. രൂപത, ഫൊറോന ഭാരവാഹികൾ പങ്കെടുക്കണം.

*FA 2/2021* **വിവാഹഒരുക്ക സെമിനാർ**

വിവാഹഒരുക്ക സെമിനാർ ഓൺലൈനായി നടത്തപ്പെടുന്നു. വിശദവിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ. 9495011191

*Director*

# പിതൃവേദി

*PV 1/2021* **വെബിനാർ**

പിതൃവേദി കോതമംഗലം രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ പ്രേഷിതവാരത്തോടനുബന്ധിച്ച് 06-01-2021-ൽ വെബിനാർ സംഘടിപ്പിച്ചു. ഒറീസായിലെ കാണ്ഡമാൽ ജില്ലയിൽ മിഷനറിയായി ശുശ്രൂഷചെയ്യുന്ന ഫാ. ജോസ് പെരിയമ്പണാട്ട് പ്രേഷിത അനുഭവങ്ങൾ പങ്കുവച്ചു. രൂപതാഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ആമുഖപ്രഭാഷണം നടത്തി. രൂപതാ പ്രസിഡന്റ് പ്രൊഫ. ജോസ് അബ്രാഹം അദ്ധ്യക്ഷത വഹിച്ചു.

*Director*

# മാതൃവേദി

*MV 6/2021* **ചാവറ ക്വിസ്**

ഫൊറോന തലത്തിൽ വിജയികളായവർക്ക് ഫെബ്രുവരി 7-ാം തീയതി ഞായറാഴ്ച 2.00 മണി മുതൽ 3.00 മണി വരെ രൂപതാതലത്തിൽ ചാവറ ക്വിസ് ഓൺലൈനായി നടത്തപ്പെടുന്നു.

*MV 7/2021* **ഉണർവ്വ്**

ഫെബ്രുവരി 13-ന് 'ഉണർവ്വ്'-ന്റെ ക്ലാസ്സ് രാവിലെ 10 മുതൽ 12 മണിവരെ ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.

*MV 8/2021* **ആനിമേറ്റേഴ്സ് മീറ്റ്**

ഫെബ്രുവരി 21-ാം തീയതി മാതൃവേദിയുടെ എല്ലാ യൂണിറ്റ്, ഫൊറോന ആനിമേറ്റേഴ്സിനും ഗൂഗിൾ മീറ്റ് വഴി വൈകിട്ട് 8.00 മണി മുതൽ 9.00 മണി വരെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. എല്ലാ ആനിമേറ്റർമാരും മീറ്റിംഗിൽ പങ്കെടുക്കുമല്ലോ.

*MV 9/2021* **23-ാം സങ്കീർത്തന മത്സരം**

**രൂപതാതലത്തിൽ 23-ാം സങ്കീർത്തന മത്സരത്തിൽ വിജയികളായവർ:-**

I Juby Mathew, Chalassery Unit
II Smitha Rajeev, Nediakad Unit

**ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച യൂണിറ്റുകൾ:-**

I കോതമംഗലം കത്തീഡ്രൽ
II നെല്ലിക്കുഴി
III ബസ്ലേഹം, നെടിയകാട്

അന്തർദേശീയ തലത്തിൽ പ്രോത്സാഹന സമ്മാനം കരസ്ഥമാക്കിയ സ്മിത രാജീവിന് അഭിനന്ദനങ്ങൾ.

*MV 10/2021* **Mazmur Carol Competition**

Mazmur Carol singing competition-ൽ സമ്മാനാർഹമായ ഫൊറോനകൾ:

I Kothamangalam  II Muthalakodam  III Karimannoor

*Director*

---

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

---

*DFC 7/2021* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

ജനുവരി മാസത്തിലെ DFC രൂപതാ എക്സിക്യൂട്ടീവ് യോഗം 04-01-2021 -ന് മൂവാറ്റുപുഴ നിർമ്മല HSS ൽ വച്ച് ചേർന്നു. ദീപിക കലണ്ടർ വിതരണം, യൂണിറ്റ് തിരഞ്ഞെടുപ്പ്, പ്രൊമോട്ടേഴ്സ് മീറ്റിംഗ്

എന്നിവ അവലോകനം ചെയ്തു. 2021-ൽ ഏറ്റവും കൂടുതൽ പുതിയ വരിക്കാരെ കണ്ടെത്തുന്ന ആദ്യ ഫൊറോനകൾക്ക് സമ്മാനം നല്കാനും എല്ലാ ഫൊറോനകളിലും Agents Meet നടത്താനും തീരുമാനിച്ചു.

*DFC 8/2021* **ദീപിക തീവ്രപ്രചരണമാസം**

ദീപികയുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2021 ജനുവരി, ഫെബ്രുവരി മാസങ്ങൾ ദീപിക തീവ്രപ്രചരണമാസങ്ങളായി ആചരിക്കുന്നു. ജനുവരി മാസത്തിൽ രൂപതയിലെ സ്കൂൾ, കോളേജ് അദ്ധ്യാപകർ, സഭാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ എന്നിവരെയും ഫെബ്രുവരി മാസത്തിൽ പാസ്റ്ററൽ കൗൺസിൽ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, ഭക്തസംഘടനാ ഭാരവാഹികൾ, സൺഡേ സ്കൂൾ അദ്ധ്യാപകർ എന്നിവരെയും വരിക്കാരാക്കാൻ തീരുമാനിച്ചു.

*Co-ordinator*

## യുവദീപ്തി

*YD 6/2021* **ജിബിൻ മെമ്മോറിയൽ ക്വിസ് വിജയികൾ**

അകാലത്തിൽ നമ്മിൽനിന്നും വേർപിരിഞ്ഞ, മുൻ രൂപതാ സെക്രട്ടറി ജിബിൻ ജോളി ബേബിയുടെ അനുസ്മരണാർത്ഥം രൂപതാതലത്തിൽ നടത്തപ്പെട്ട ജിബിൻ മെമ്മോറിയൽ ക്വിസ് മത്സരത്തിന്റെ വിജയികൾ:

ഒന്നാം സമ്മാനം : ഡിൻസ് ബേബി & ഡിന്റ ബേബി
സെന്റ് തോമസ് ചർച്ച്, കോലടി

രണ്ടാം സമ്മാനം : മരിയ ബെന്നി & ആൻമരിയ ബെന്നി
സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, നെയ്യശ്ശേരി

മൂന്നാം സമ്മാനം : ദീപ്തി ജോസഫ് & എൽസീന തോമസ്
സെന്റ് തോമസ് ചർച്ച്, ആലക്കോട്

സമ്മാനാർഹരായ എല്ലാവർക്കും അഭിനന്ദനങ്ങൾ.

*YD 7/2021* **പഠിത്തം 2020**

യുവദീപ്തി KCYM കോതമംഗലം രൂപതയും CMC കോതമംഗലം പാവനാത്മ പ്രോവിൻസും സംയുക്തമായി നടത്തിയ 'പഠിത്തം 2020' ഓൺലൈൻ ചാവറ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ജനുവരി 26-ാം തീയതി തൊടുപുഴ വിമല പബ്ലിക് സ്കൂളിൽ വച്ച് നടന്ന അനുമോദനയോഗത്തിൽ സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

*YD 8/2021* **വാർഷിക സെനറ്റ് സമ്മേളനം**

43-ാമത് സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനവും പുതിയ ഭാരവാഹി തെരഞ്ഞെടുപ്പും 2021 ജനുവരി 30, 31 തീയതികളിൽ, കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടന്നു. കോതമംഗലം രൂപതയിൽനിന്ന്, സ്റ്റേറ്റ് സിൻഡിക്കേറ്റ് മെമ്പർ, സ്റ്റേറ്റ് സെനറ്റ് മെമ്പർ, രൂപത ആനിമേറ്റർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു.

*YD 9/2021* **ഉത്സവ് 2020**

കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈൻ ആയി നടത്തപ്പെട്ട സംസ്ഥാനതല കലോത്സവം 'ഉത്സവ് 2020'-ൽ കോതമംഗലം രൂപതയിൽ നിന്ന് യുവജനങ്ങൾ പങ്കെടുക്കുകയും സമ്മാനാർഹരായിത്തീരുകയും ചെയ്തു. ഇരിങ്ങാലക്കുട രൂപതയുടെ ആതിഥേയത്വത്തിൽ നടന്ന സമ്മാനദാനചടങ്ങിൽ രൂപതാ ഭാരവാഹികൾ സമ്മാനങ്ങൾ ഏറ്റുവാങ്ങി.

*YD 10/2021* **ഫൊറോന കൗൺസിൽ**

ഈ നാളുകളിൽ പുതിയതായി 6 ഫൊറോനകളിൽ ഫൊറോന കൗൺസിൽ നടത്തപ്പെട്ടു. ഇനിയും ഫൊറോന കൗൺസിൽ നടത്താൻ സാധിക്കാത്ത ഫൊറോനകൾ ഫെബ്രുവരി മാസത്തിൽ തന്നെ ഫൊറോന കൗൺസിൽ നടത്താൻ ശ്രദ്ധിക്കുമല്ലോ.

*YD 11/2021* **അനുമോദനയോഗം**

കോവിഡ് വൈറസ് വ്യാപനം അതിരൂക്ഷമായിത്തീർന്ന സാഹചര്യത്തിൽ, കോവിഡ് രോഗം മൂലം മരണമടഞ്ഞവരുടെ മൃതസംസ്കാര ശുശ്രൂഷയിൽ സഹായിക്കുന്നതിനായി രൂപതാതലത്തിൽ ആരംഭിച്ച

Taskforce ടീമിൽ സജീവമായി പ്രവർത്തിക്കുന്ന യുവജനങ്ങൾക്കായി ഒരു അനുമോദനയോഗം ഫെബ്രുവരി മാസത്തിൽ നടത്തുവാൻ KCYM രൂപതാസമിതി തീരുമാനിച്ചു.

*Director*

# ജീസസ് യൂത്ത്

*JY 7/2021* **Prolife Exhibitions**

ജീസസ് യൂത്ത് prolife മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഡിസംബർ 27-ാം തീയതി കോതമംഗലം സോൺ അംബികാപുരം ഇടവകയിൽ പ്രോ-ലൈഫ് എക്സിബിഷനും അവബോധന ക്ലാസ്സും നടത്തപ്പെട്ടു. കേരള പ്രോ-ലൈഫ് മിനിസ്ട്രി കോഓർഡിനേറ്റർ ഡോ. മാമ്മൻ പി. ചെറിയാൻ നയിച്ച ക്ലാസ്സിൽ 50 ഓളം പേർ പങ്കെടുത്തു.

ജനുവരി 17-ാം തീയതി ഞായറാഴ്ച മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളിയിൽ പ്രോ-ലൈഫ് എക്സിബിഷൻ നടത്തപെട്ടു. 15 ഓളം വോളന്റിയേഴ്സ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചു. ഫാ. വർഗീസ് പാറമേൽ നേതൃത്വം നൽകി.

*JY 8/2021* **ക്രിസ്തുമസ് ആഘോഷം**

ഡിസംബർ 25-ാം തീയതി സോണിൽ ഓൺലൈൻ ആയി ക്രിസ്തുമസ് ആഘോഷം നടത്തി. Live musical session, games & activities എന്നിവ നടത്തപ്പെട്ടു. ഏകദേശം 45 പേർ പങ്കെടുത്തു.

*JY 9/2021* **ഹൗസ്ഹോൾഡ് കൂട്ടായ്മ**

ജനുവരി 10-ാം തീയതി ഈ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ ഓൺലൈൻ രീതിയിൽ നടന്നു.

*JY 10/2021* **ഓൺലൈൻ സെൻട്രൽ പ്രെയർ മീറ്റിംഗ്**

എല്ലാ ഞായറഴ്ചകളിലും വൈകുന്നേരം 5 മണിക്ക് സോണിൽ ഓൺലൈൻ സെൻട്രൽ പ്രെയർ മീറ്റിംഗ് നടത്തപ്പെടുന്നു. വിവിധ വിഷയങ്ങൾ ആസ്പദമാക്കി പ്രമുഖർ ക്ലാസ്സുകൾ നയിക്കുന്നു.

### *JY 11/2021* ജീസസ് യൂത്ത് മൂവ്മെന്റ് - Coral Jubliee

ജീസസ് യൂത്ത് മൂവ്മെന്റ് 2021-2022 വർഷം coral jubliee വർഷമായി (35 വർഷം) ആഘോഷിക്കുന്നു. ഇതിന്റെ ഭാഗമായി ഫെബ്രുവരി മാസം ഇന്റർനാഷണൽ കൗൺസിലിന്റെ നേതൃത്വത്തിൽ ആഗോളതലത്തിൽ ഗ്ലോബൽ ക്ലസ്റ്റർ ഗ്യാതറിംഗും കമ്പൈയ്ൻഡ് ഹൗസ്ഹോൾഡുകളും വിവിധ പ്രോഗ്രാമുകളും നടത്തപ്പെടുന്നു.

### *JY 12/2021* അഭിനന്ദനങ്ങൾ

2021-2023 വർഷത്തെ ജീസസ് യൂത്ത് കേരള കൗൺസിലിലേക്ക് കോതമംഗലം സോൺ മുൻ കോഓർഡിനേറ്റർ അബി സെബാസ്റ്റ്യനും, മുൻ ടീം അംഗവും കേരള ടീൻസ് മിനിസ്ട്രി കോഓർഡിനേറ്ററുമായിരുന്ന ജസ്റ്റിൻ ജോർജും തിരഞ്ഞെടുക്കപ്പെട്ടു. ഇരുവർക്കും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

*Animator*

## കത്തോലിക്കാ കോൺഗ്രസ്

### *CC 3/2021* കത്തോലിക്കാ കോൺഗ്രസിന്റെ സ്നേഹഭവന സമർപ്പണം

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഹാർട്ട്ലിങ്ക്സിന്റെ സഹകരണത്തോടെ കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപതാസമിതി തൊടുപുഴ ഡിവൈൻ മേഴ്സി ചാപ്പലിനു സമീപം ശ്രീ. ജോസഫ് മുളങ്കൊമ്പിലിനുവേണ്ടി പണികഴിപ്പിച്ച സ്നേഹഭവനത്തിന്റെ വെഞ്ചരിപ്പ്കർമ്മം സീറോ മലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ നിർവഹിച്ചു. തൊടുപുഴ ടൗൺ പള്ളി വികാരി ഫാ. ജിയോ തടിക്കാട്ട്, ഫാ. ജോർജ് കുരിശുംമൂട്ടിൽ എന്നിവർ സഹകാർമ്മികരായിരുന്നു. സ്നേഹഭവനത്തിന്റെ താക്കോൽദാനം നിർവ്വഹിച്ചത് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലമാണ്. യോഗത്തിൽ അഭിവന്ദ്യ പിതാവ് അനുഗ്രഹ സന്ദേശം നൽകി. ഫാ. ജിയോ തടിക്കാട്ട് ആശംസകളർപ്പിച്ചു. രൂപത ജനറൽ സെക്രട്ടറി ശ്രീ. ജോസ് പുതിയിടം കൃതജ്ഞതയർപ്പിച്ചു. രൂപത ട്രഷറർ ശ്രീ. ജോൺ മുണ്ടങ്കാവിൽ, വൈസ് പ്രസിഡന്റ് ശ്രീ. മാത്യു മലേക്കുടി, ശ്രീ. കുട്ടിയച്ചൻ കണ്ടിരിക്കൽ, ശ്രീ. ജോർജ് എന്നിവർ നേതൃത്വം നൽകി.

### *CC 4/2021* ദേവസ്യ കൊങ്ങോല അനുസ്മരണ സമ്മേളനം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. ദേവസ്യ കൊങ്ങാല സാറിന്റെ അകാലനിര്യാണത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഭിമുഖ്യത്തിൽ 23-01-2021-ന് തൊടുപുഴ ടൗൺ പള്ളി പാരീഷ് ഹാളിൽ വച്ച് അനുസ്മരണ സമ്മേളനം നടത്തി.

മലബാർ മേഖലകളിൽ കത്തോലിക്കാ കോൺഗ്രസിന്റെ വളർച്ചയ്ക്ക് നേതൃത്വം കൊടുക്കുകയും ആ മേഖലയിലെ കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് ധാരാളം സമരങ്ങൾ നടത്തുകയും ചെയ്ത ഒരു റിട്ടയേർഡ് അദ്ധ്യാപകൻ കൂടിയായ ദേവസ്യ സാറിന്റെ മരണം കത്തോലിക്കാ കോൺഗ്രസിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

അനുസ്മരണ സമ്മേളനത്തിന് അദ്ധ്യക്ഷം വഹിച്ചത് കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലമാണ്. യോഗം ഉദ്ഘാടനം ചെയ്തത് കൂരിയ ബിഷപ്പ് അഭിവന്ദ്യ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവാണ്.

അനുശോചന സന്ദേശം നല്കിക്കൊണ്ട് ഖത്തർ SMCA പ്രസിഡന്റ് ശ്രീ. ജോൺസൺ ഇലവുത്തിങ്കൽ, കോതമംഗലം രൂപത പ്രസിഡന്റ് ശ്രീ. ഐപ്പച്ചൻ തടിക്കാട്ട്, എറണാകുളം അങ്കമാലി അതിരൂപത പ്രസിഡന്റ് ശ്രീ. ജോമി കൊച്ചുപറമ്പിൽ, ക്നാനായ കത്തോലിക്ക പ്രസിഡന്റ് ശ്രീ. തമ്പി എരുമേലിക്കര, ചങ്ങനാശ്ശേരി അതിരൂപത പ്രസിഡന്റ് ശ്രീ. വർഗീസ് ആന്റണി, ഗ്ലോബൽ ട്രഷറർ ശ്രീ. പി. ജെ. പാപ്പച്ചൻ, കുവൈറ്റ് SMCA പ്രസിഡന്റ് ശ്രീ. തോമസ് കുരുവിള എന്നിവർ പ്രസംഗിച്ചു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

### *SFO 1/2021* സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾ ക്രിസ്തുമസ് പുതുവത്സര പരിപാടികളുടെ ഭാഗമായി വിവിധ ഇടവകകൾ വഴിയായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു.

**നിർമ്മലമാതാ ചർച്ച്, മൂവാറ്റുപുഴ:**

- ❖ കുന്നികുരുടി സ്നേഹാലയത്തിന് 10000 രൂപ സഹായം നൽകി
- ❖ കാവക്കാട് ജ്യോതി ഭവനിൽ 10000 രൂപ നൽകി
- ❖ വിവാഹ സഹായം 5000 രൂപ
- ❖ ഹൃദയ രോഗിയുടെ ചികിത്സക്ക് 5000 രൂപ
- ❖ കിഡ്നി രോഗിയുടെ ചികിത്സക്ക് 2500 രൂപ
- ❖ ഒരു കുട്ടിയുടെ ബ്ലാഡർ ഓപ്പറേഷൻ സഹായം 5000 രൂപ.

**സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ആനിക്കാട്:**

- ❖ ദരിദ്ര കുടുംബത്തിന് അല്മായ സഭാംഗങ്ങളുടെ നോയമ്പിലെ സമാഹരണത്തിൽ നിന്ന് ധനസഹായം നൽകി.
- ❖ തൊടുപുഴയ്ക്ക് സമീപം അച്ചൻകവലയിലെ ഫ്രാൻസീസ് അസ്സീസി പൂവർ ഹോമിലെ അന്തേവാസികൾക്ക് 10000 രൂപയും ജനറേറ്റർ വാങ്ങുവാൻ ഒരു ഇടവകാംഗം വഴി 10000 രൂപയും നൽകി.

**മറ്റു യൂണിറ്റുകൾ:**

- ❖ വിവിധ ആതുരാലയങ്ങളിൽ washing soap, cleaning solution, അരി മുതലായവയും ധനസഹായവും നൽകി.
- ❖ യൂണിറ്റ്തല മീറ്റിംഗുകൾ അനുവദനീയമായ മാനദണ്ഡങ്ങൾ പാലിച്ച് നടത്തുവാൻ ആലോചിക്കുന്നു.

---

# കേരള ലേബർ മൂവ്മെന്റ്

---

## *KLM 2/2021* തൊഴിൽ പരിശീലന പരിപാടി

ഫെബ്രുവരി 16, 17 തീയതികളിൽ തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പാരീഷ് ഹാളിൽ വച്ചും 23, 24 തീയതികളിൽ കോതമംഗലം ദർശന ഓഡിറ്റോറിയത്തിൽ വച്ചും കോതമംഗലം ലേബർ മൂവ്മെന്റ് കേന്ദ്രതൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള തൊഴിൽ വിദ്യാഭ്യാസ ബോർഡുമായി ചേർന്ന് ദ്വിദിന തൊഴിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട 40 പേർക്കാണ് ഓരോ പരിശീലനപരിപാടിയിലും പങ്കെടുക്കാൻ സാധിക്കുക. തൊടുപുഴ, കരിമണ്ണൂർ സോണുകളിലെ ലേബർ മൂവ്മെന്റ്, തൊഴിലാളി ഫോറങ്ങൾ എന്നിവയുടെ ഭാരവാഹികൾ തൊടുപുഴയിലെ പരിശീലന പരിപാടിയിലും കോതമംഗലം, മൂവാറ്റുപുഴ സോണുകളിലെ ഭാരവാഹികൾ കോതമംഗലത്തു നടക്കുന്ന പരിശീലനപരിപാടിയിലും പങ്കെടുക്കേണ്ടതാണ്.

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ഡിസംബർ 2020**

25 ● ക്രിസ്തുമസ് ദിനത്തിൽ കത്തീഡ്രലിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

27 ● കലയന്താനി ഇടവകയിൽ വി. കുർബാന അർപ്പിക്കുകയും ഇട വകാംഗങ്ങൾ എഴുതിയ പുതിയനിയമ ബൈബിളിന്റെ 120-ഓളം കയ്യെഴുത്തുപ്രതികൾ വെഞ്ചരിക്കുകയും ചെയ്തു.

● പൈങ്ങോട്ടൂർ ഇടവകയുടെ ശതാബ്ദി ആഘോഷത്തിന്റെ സമാ പനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

30 ● തിരുഹൃദയ സന്ന്യാസിനീസമൂഹാംഗമായിരുന്ന ബഹു. സി. പാദുവ തോട്ടുപുറത്തിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

31 ● നീണ്ടപാറ ഇടവകാംഗമായ ഡീക്കൻ കുര്യാക്കോസ് കുന്നപ്പി ള്ളിലിന് പൗരോഹിത്യപട്ടം നൽകി.

**ജനുവരി 2021**

01 ● കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരക്കുഴയിൽ പ്രവർ ത്തനം ആരംഭിച്ച ആരക്കുഴ അഗ്രി പ്രൊഡ്യൂസേഴ്സ് കോ-ഓ പ്പറേറ്റീവ് സൊസൈറ്റിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

● FCC സഭാംഗമായിരുന്ന ബഹു. സി. മെറിൻ കപ്യാരുമലയിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

02 ● ചെമ്പ് ഇടവകാംഗമായ ഡീക്കൻ ജോസഫ് ചിറയിൽ MCBS -ന് പൗരോഹിത്യപട്ടം നൽകി.

04 ● വാഴക്കാല ഇടവകാംഗമായ ഡീക്കൻ പോൾസൺ മാറാട്ടിലിന് പൗരോഹിത്യപട്ടം നൽകി.

● തൊടുപുഴയിൽ നടന്ന കാർഷികമേള ഉദ്ഘാടനം ചെയ്തു.

● കുറുപ്പംപടി ഇടവകാംഗമായിരുന്ന പിട്ടാപ്പിള്ളിൽ ശ്രീ. ജോയി

പോളിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

05 ● SD Provincial House കപ്പേളയിൽ വച്ച് സാന്ദ്ര ജോസ് കാനാട്ട്, ജോയ്സ് മുടിയേൽ, മെർലിൻ റോസ് വെട്ടുകല്ലേൽ, സോഫിയ തേവരക്കാട്ട് എന്നിവരുടെ സഭാവസ്ത്രസ്വീകരണ തിരുക്കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു.

● SABS സഭാംഗമായിരുന്ന സി. ജാനുവാരിയുസ് കളപ്പുരയ്ക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

06 ● വാഴക്കുളം ഇടവകാംഗമായ ഡീക്കൻ ജോസഫ് മഠത്തിലിന് പൗരോഹിത്യപട്ടം നൽകി.

09 ● പെരിങ്ങഴ ഇടവകാംഗമായിരുന്ന ബഹു. പോൾ കോടമുള്ളിൽ അച്ചന്റെ ഒന്നാം ചരമവാർഷികദിനത്തിൽ ദിവ്യബലിയർപ്പിച്ചു.

10 ● കുളപ്പുറം ഇടവകാംഗമായ ഏനാനിക്കൽ ഷീൻ കുര്യാക്കോസിന്റെ വിവാഹം ആശീർവദിച്ചു.

● ആയവന ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദികമന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

11 ● കാരക്കുന്നം ഇടവകയിൽ ആരംഭിച്ചിരിക്കുന്ന ജീവ കർഷക ഉല്പാദക സംഘത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

● നെയ്യശ്ശേരി ഇടവകാംഗമായിരുന്ന ബഹു. ജോൺ തോട്ടത്തിമ്യാലിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

11-17● ഓൺലൈനായി നടന്ന സീറോമലബാർ സിനഡിൽ പങ്കുചേർന്നു.

12 ● മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ മിഷൻ സംഗമത്തിൽ സന്ദേശം നൽകി.

13 ● പുറപ്പുഴ ഇടവകാംഗമായിരുന്ന ബഹു. ജെയിംസ് കുര്യനാൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

14 ● ഹോളിഫാമിലി സന്യാസിനീസമൂഹത്തിൽ രജതജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

15 ● കത്തീഡ്രൽ ഇടവകാംഗമായിരുന്ന തെക്കേക്കര വിൻസെന്റ് ടി. ജേക്കബിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

16 ● മുടവൂർ ഇടവകാംഗമായ ബഹു. അബ്രാഹം പാറയ്ക്കലച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# Bishop's Engagements

## February 2021

| | | | | |
|---|---|---|---|---|
| 02 | Tue | ● Vestition | CSN Provincial House | 10.30 am |
| 06 | Sat | ● Requiem Mass<br>Mar Mathew Pothanamuzhy | Cathedral | 7.00 am |
| 07 | Sun | ● Holy Mass | Ambikapuram | 4.00 pm |
| 11 | Thu | ● Ordination | Ezhalloor | 9.15 am |
| 14 | Sun | ● Holy Mass | Punnamattam | 4.30 pm |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | ചരമദിനം | 03-03-2016 |
| ഫാ. തോമസ് ചെമ്പരത്തി | ” | 03-03-1974 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | ” | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | ” | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | ” | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | ” | 11-03-2000 |
| മോൺ. മാത്യു പാലമറ്റം | ” | 15-03-2016 |
| ഫാ. ജോസഫ് പുന്നയ്ക്കപടവിൽ | ” | 17-03-2019 |
| ഫാ. ജോസഫ് മൂലേക്കുടി | ” | 22-03-1972 |

# നിര്യാതരായി

## സി. പാദുവ SH (തോട്ടുപുറം)

| | | |
|---|---|---|
| ഇടവക | - | ആലക്കോട് |
| ജനനം | - | 14-11-1940 |
| ആദ്യവ്രതം | - | 02-05-1964 |
| നിത്യവ്രതം | - | 02-05-1969 |
| മരണം | - | 29-12-2020 |
| മൃതസംസ്കാരം | - | 30-12-2020 (മൈലക്കൊമ്പ്) |

## സി. മെറിൻ FCC (കപ്യാരുമലയിൽ)

| | | |
|---|---|---|
| ഇടവക | - | തഴുവുംകുന്ന് |
| ജനനം | - | 20-01-1954 |
| ആദ്യവ്രതം | - | 01-05-1974 |
| നിത്യവ്രതം | - | 21-05-1981 |
| മരണം | - | 31-12-2020 |
| മൃതസംസ്കാരം | - | 01-01-2021 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. ജാനുവാരിയുസ് SABS (കളപ്പുരയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | ചിറ്റൂർ |
| ജനനം | - | 14-02-1937 |
| ആദ്യവ്രതം | - | 22-04-1961 |
| നിത്യവ്രതം | - | 25-05-1965 |
| മരണം | - | 04-01-2021 |
| മൃതസംസ്കാരം | - | 05-01-2021 (മാറിക) |

# സി. ട്രീസ ചേലപ്പുറത്ത് SABS

| | | |
|---|---|---|
| ഇടവക | - | വണ്ടമറ്റം |
| ജനനം | - | 14-01-1949 |
| ആദ്യവ്രതം | - | 24-04-1972 |
| നിത്യവ്രതം | - | 06-05-1978 |
| മരണം | - | 07-01-2021 |
| മൃതസംസ്കാരം | - | 07-01-2021 (മാറിക) |



കാരക്കുന്നം ഇടവകയിൽ ആരംഭിച്ചിരിക്കുന്ന
ജീവ കർഷക ഉല്പാദക സംഘത്തിന്റെ (FPO) ഉദ്ഘാടനം.




കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ആരക്കുഴയിൽ പ്രവർത്തനം
ആരംഭിച്ച ആരക്കുഴ അഗ്രി പ്രൊഡ്യുസേഴ്സ് കോ–ഓപ്പറേറ്റീവ്
സൊസൈറ്റിയുടെ (AAPCOS) ഉദ്ഘാടനം

Deivarajyam February 2021

●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/2/2021

●Posted at Thodupuzha Stg.

Annual Subscription ₹ 100.00



*Our Lady of Lourdes,*
*Our Refuge in times of need,*
*Our Health in times of sickness,*
*Pray for us.*

**Mother of Lourdes**
**11**



**St. John Britto**
**04**




**St. Polycarp**
**23**



**Bl. Rani Maria**
**25**

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691